ബാലസാഹിത്യ ഗ്രന്ഥാവലി

MUNAVIRUL ISLAM HIGH SCHOOL
Date....................
ERNAKULAM.

# കൊച്ചുതിരുമേനി

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം

1968

ബാലസാഹിത്യം

# കൊച്ചുതിരുമേനി

MUNAVVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം

# ആമുഖം

1968 ജനുവരി–ഫെബ്രുവരി മാസങ്ങളിൽ സ്റ്റേററ ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽവച്ചു ഒരു ബാല സാഹിത്യ രചനാലയം സംഘടിപ്പിക്കുകയുണ്ടായി. പരിചയ സമ്പന്നരും സാഹിത്യകാരന്മാരുമായ ഇരുപതു അദ്ധ്യാപകന്മാർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപംകൊണ്ട ഇരുപതു ഗ്രന്ഥങ്ങളാണു് ഇവിടെ അവതരിപ്പിക്കുന്നതു്.

ഈ ഗ്രന്ഥങ്ങൾ അപ്പർ പ്രൈമറി വിദ്യാർത്ഥികളെ ഉദ്ദേശിച്ചുകൊണ്ടു രചിച്ചവയാണു്. പ്രാഥമിക ഘട്ടത്തിലെ വിദ്യാർത്ഥികൾക്കു വായനയിലുള്ള താത്പര്യവും ശീലവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ

## ബാലസാഹിത്യരചനാലയം

## 1968

### പങ്കെടുത്തവർ

1. വി. കെ. അബ്ദു
2. വി. കെ. ബാലചന്ദ്രൻ
3. ഇ. പി. ഭരതപ്പിഷാരടി
4. എൻ. ഭാസ്കരപിള്ള
5. ഈശോ ഉമ്മൻ
6. എൻ. ഗംഗാധരൻ
7. കെ. കെ. കരുണാകരൻ
8. ഒയ്. കൊച്ചുമ്മൻ
9. വി. പി. കുഞ്ഞുരാമപുതുവാൾ
10. കെ. കെ. രാമചന്ദ്രൻ നായർ
11. കെ. വി. രാമനാഥൻ
12. വി. ശ്രീധരൻ
13. കെ. ശ്രീവത്സൻ
14. ഏ. പി. സുകുമാരൻ നായർ
15. കെ. കെ. തോമസ്
16. കെ. പി. ഉണ്ണികൃഷ്ണൻ
17. എൻ. വാസുദേവൻ നമ്പ്യാതിരി
18. ആർ. വീരഭകരളവർമ്മതമ്പാൻ
19. കെ. വേലായുധൻ
20. കെ. വി. സേവ്യർ

# കൊച്ചുതിരുമേനി

## 1

പ്രസിദ്ധമായ നദിയുടെ തീരത്താണ് ഗ്രാമം. അവിടെ പ്രസിദ്ധമായ ഒരു ക്ഷേത്രമുണ്ട്. അതുകൊണ്ടു തന്നെ ഗ്രാമത്തിന്റെ പേരു് പ്രസിദ്ധമായിത്തീർന്നിരിക്കുന്നു.

ഗ്രാമത്തിൻെറ പ്രധാനഭാഗം മുക്കവലയാണ്. പാതകൾ സന്ധിക്കുന്ന സ്ഥാനത്തു് ഒരു ആൽമരമുണ്ടു്. അതിനോടു് ഉരുമ്മി നിൽക്കുന്ന ഒരു മാവും. ആലും മാവും ചേർന്നു തണൽ പരത്തുന്നു. ആ തണൽ വഴിയാത്രക്കാരുടെ വിശ്രമ സ്ഥാനമാണ്. ഇരിക്കാനും കിടക്കാനുമായി ഒരാൽത്തറയും പടുത്തുയർത്തിയിരിക്കുന്നു. അതു ണ്ടാക്കിയ പഞ്ചായത്തുകാർക്കു നന്ദി!

അവിടെ ഏഴോളം ചായക്കടകളുണ്ടു്. വളരെയേറെ ബീഡി മുറുക്കാൻ കടകളും; മററു കച്ചവടപ്പീടികകളും.

തപാലാപ്പീസാണ് ഗ്രാമത്തിലെ ഏക സർക്കാർ സ്ഥാപനം. പള്ളിക്കാരുടെ വകയായി ഒരു അപ്പർ പ്രൈമറി സ്കൂളുണ്ടു്. ഹൈസ്കൂളിലേക്കു് ഗ്രാമത്തിൽ നിന്നും നാലുമൈൽ ദൂരം വരും. പൊതിച്ചോറുമായി കുട്ടികൾ അവിടെപ്പോയി പഠിക്കുന്നു. അപ്പർ പ്രൈമറി, ഹൈസ്കൂളാക്കാൻ പള്ളിക്കാർ തുടർച്ചയായി നടത്തിയ നിവേദനങ്ങൾ സർക്കാർ വകവെച്ചില്ല.

പൊതുജനങ്ങളുടെ വക ഒരു വായനശാലയുണ്ടു്. പത്രം വരുത്താൻ വകയില്ലാത്ത ഗ്രാമീണർ രാവിലെയും വൈകിട്ടുമായി അവിടെ കൂടും. അവിടെ വച്ചു് അവർ ദേശകാര്യങ്ങളും രാജ്യകാര്യങ്ങളും ഗ്രഹിക്കുന്നു. വായനശാലയുടെ മുമ്പിൽ "ദേശാഭിവർദ്ധിനീ ഗ്രാമരംഗം" എന്ന ബോർഡു തൂങ്ങുന്നു.

മുക്കവലയുടെ തെക്കുഭാഗത്തുനിന്നു് പടിഞ്ഞാറോട്ടു കിടക്കുന്ന നാട്ടുപാത ചെന്നവസാനിക്കുന്നതു് വയലിലാണ്. നീണ്ടു പരന്നു കിടക്കുന്ന വിസ്തൃതമായ വയലേല.

ഇരുപ്പൂകൃഷി നടത്തുന്ന പാടം ഗ്രാമത്തിലെ പ്രധാന കൃഷി സ്ഥലമാണ്. വയലിനോടു തൊട്ടു ചേർന്ന് കർഷകത്തൊഴിലാളികളുടെ വലിയ കോളനികൾ കാണാം. വയൽ അവരുടെ ദൈവമാണ്.

കുഞ്ഞു ഞാറുകൾ ഇളംകാററിൽ താളം ചവിട്ടി നിൽക്കുമ്പോൾ ചെളിവരമ്പിലൂടെ ബാലൻസു പിടിച്ചു നടക്കുന്ന തലപ്പുലയൻെറ കറുത്ത രൂപം ഓർമ്മിച്ചുപോകുന്നു. അയാൾ ഞാറുകളോടു പുന്നാരം പറയും. എന്നിട്ട് പല്ലില്ലാത്ത മോണകാട്ടി ചിരിക്കും. വയലിൽ നിന്ന് കതിരിൻെറ സംഗീതമുയരുമ്പോൾ അയാളുടെ മനസ്സ് തുള്ളിച്ചാടും. കതിരു മുറിച്ചു പറക്കുന്ന വനം തത്തകളുടെ നേരെ അയാൾ മനുഷ്യരോടെന്നപോലെ ചൊടിക്കും. അപഹരിക്കപ്പെടുന്നതു് അയാളുടെ പ്രയത്ന ഫലമാണ്. അയാൾ തലപ്പുലയനും.

ആ കോളനികളിൽ തലപ്പുലയന്മാർ ഒട്ടവളരെയുണ്ട്.

മുക്കവലയിൽ നിന്ന് പാടത്തേക്കിറങ്ങുന്ന നാട്ടു പാതയുടെ വലതു ഭാഗത്താണ് കൃഷിക്കാരൻെറ വീട്. ഓല മേഞ്ഞ പഴയ പുര. അറയും നിരയുമുള്ള അത്തരം പുരകൾ ഗ്രാമത്തിൽ വേറെയുമുണ്ട്.

വീടിനു വടക്കുപുറത്ത് തൊഴുത്താണ്. അതിനു പിന്നിൽ മൂന്ന് വലിയ വൈക്കോൽത്തുറുവുകളും. കൃഷിക്കാരൻെറ മറെറാരു തൊഴിലാണ് കാലിവളത്തൽ.

കൃഷിക്കാരൻെറ പേരു് അനന്തൻ എന്നാണ്. മറെറവിടെയോ നിന്ന് വർഷങ്ങൾക്കു മുമ്പ് ഗ്രാമത്തിൽ വന്നു താമസിച്ചു. നിലവും പുരയിടവുമായി ഒരേക്കർ സ്ഥലമേ അന്നുണ്ടായിരുന്നുള്ളു.

കഠിന പ്രയത്നം കൊണ്ടാണ് അയാൾ വളർന്നതു്. പുലരുന്നതിനു മുമ്പ് പിടഞ്ഞെഴുന്നേൽക്കും. എന്നിട്ട് പറമ്പിലോ പാടത്തോ ഇറങ്ങും. പിന്നെ അന്തിയോളം കഠിനാദ്ധ്വാനമാണ്. വെയിലും മഴയും കൂട്ടാക്കാതെ. മനുഷ്യൻ മണ്ണിനോടു നടത്തിയ ഒരു വലിയ സമരത്തിൻെറ കഥ അയാൾ മണ്ണിനെ സ്നേഹിച്ചു. മണ്ണിൽ നിന്നു പൊന്നു വിളയിച്ചു.

കൃഷിക്കാരൻ ക്രമേണ സമ്പന്നനാകുകയായിരുന്നു. അതിൽ ചിലർക്കു അസൂയ തോന്നി. അവർ കൃഷിക്കാരന്റെ നേരെ പിറുപിറുത്തു. അപവാദങ്ങൾ പറഞ്ഞു. അനന്തന്റെ കൈയിൽ നിധിയുണ്ടെന്നു് നുണ പരത്തി. കള്ളനോട്ടടിയുണ്ടെന്നു പറയാനും മടിച്ചില്ല.

അയാൾ ഒന്നും കേട്ടില്ലെന്നു നടിച്ചു. ആരോടും വെറുപ്പു് കാണിച്ചില്ല. സ്നേഹമായി പെരുമാറി. കൂടുതൽ കൂടുതൽ കഠിനാദ്ധ്വാനം നടത്തുകയും ചെയ്തു. അയാൾ സമ്പന്നനായി. നിലവും പുരയിടങ്ങളും വാങ്ങിച്ചു. അഭിവൃദ്ധിയിൽ നിന്നു് പിന്നെയും അഭിവൃദ്ധിയിലേക്കു്.

### അനന്തൻ എന്ന കൃഷിക്കാരൻ.

അയാളിന്നു് ഗ്രാമത്തിലെ കിരീടം ചൂടാത്ത രാജാവാണു്. അയാളില്ലാത്ത കാര്യങ്ങളില്ല. എന്തിനും ഗ്രാമത്തിലുള്ളവർ അയാളോടു് അഭിപ്രായം ചോദിക്കും. സഹായം അപേക്ഷിക്കും. പാവപ്പെട്ടവരോടു് അയാൾക്കു കരുണയാണു്. സഹായം അപേക്ഷിക്കുന്നവരുടെ നേരെ അയാൾ കണ്ണടച്ച കഥയില്ല. ഗ്രാമത്തിലുള്ളവർക്കു് അയാളോടു ബഹുമാനമാണു്, അതിലേറെ സ്നേഹവും.

അനന്തന്റെ കഥകൾ പറഞ്ഞാൽ തീരില്ല കർഷകത്തൊഴിലാളികൾക്കു്. ഭക്തിയും സ്നേഹവും കലർന്ന സ്വരത്തിലേ അയാളെക്കുറിച്ചു് അവർ സംസാരിക്കൂ. എന്തൊരു നല്ല മനുഷ്യൻ! ഒടേ തമ്പുരാൻ പറഞ്ഞയച്ചതാ– എല്ലാം പറഞ്ഞിട്ടു് അവർ അവസാനിപ്പിക്കുന്നതു് അങ്ങനെയാണു്.

കോളനിയിൽ ആർക്കെങ്കിലും ഒരു സഹായം ആവശ്യമുണ്ടെങ്കിൽ ഉടനേ അനന്തന്റെ വീട്ടിൽ ചെല്ലും. ഏതു സമയത്തും അവർക്കു് അവിടെ കയറിച്ചെല്ലാം. നല്ല ഉറക്കത്തിൽപ്പോലും അയാൾക്കു ആളിനെ തിരിച്ചറിയാം. ചിലപ്പോൾ തലപ്പുലയൻ തന്നെയാവും ചെല്ലുക. അല്ലെങ്കിൽ കൂടെ രണ്ടുമൂന്നു പേരുമുണ്ടാകും.

“തമ്പ്രാ......”

തലപ്പുലയൻ വിളിക്കും.

തമ്പ്രാനെന്നു വിളിക്കുന്നതു് അനന്തനു് ഇഷ്ടമല്ല. താൻ തമ്പ്രാനല്ലെന്നു പലതവണ പറഞ്ഞിട്ടുണ്ടു്, എല്ലാവർക്കും തമ്പുരാനായി ഒരാളേയുള്ളൂന്നു്. ദൈവം എന്ന തമ്പുരാൻ.

പക്ഷേ അവർക്കതു സ്വീകാര്യമല്ല. അല്ലാതെ എന്തു വിളിക്കാനാണു്. എല്ലാം കൊണ്ടും അയാൾ അവരുടെ തമ്പ്രാനായി കഴിഞ്ഞിരിക്കുന്നു.

"തമ്പ്രാ......"

ഒരു പ്രാവശ്യം കൂടി വിളിക്കും.

കതകു തുറക്കുന്ന ശബ്ദം കേൾക്കാം. തിരിതാഴ്ത്തി വെച്ചിരിക്കുന്ന റാന്തൽ വിളക്കു് പ്രകാശിപ്പിച്ചുകൊണ്ടു് കൃഷിക്കാരൻ പുറത്തിറങ്ങി വരും.

"എന്താ ഈ രാത്രി"

തലപ്പുലയന്റെ തോളിൽ തട്ടിക്കൊണ്ടു് അയാൾ ചോദിക്കും.

ഒട്ടും മടിക്കേണ്ട കാര്യമില്ല. നേരെയങ്ങു പറഞ്ഞാൽ മതി. പണത്തിനാണു് ആവശ്യമെങ്കിൽ അതു്. കൂടെ ചെല്ലേണ്ട കാര്യമാണെങ്കിൽ അങ്ങനെ. ഒന്നിനും ഒരൊഴിവുകഴിവും പറയില്ല.

കൃഷിക്കാരന്റെ തറവാട്ടിൽ ഇരുപത്തിരണ്ടു് അംഗങ്ങളുണ്ടു്. നാലു പശുക്കൾ. രണ്ടു പശുക്കുട്ടികൾ. ഉഴവുകാളകൾ രണ്ടു്. പതിനൊന്നു കോഴികൾ. അതിലൊരെണ്ണം പൂവനാണു്. പിന്നെ അനന്തൻ. അയാളുടെ ഭാര്യ. ഒരു പട്ടിയും.

ഭാഗ്യവനായ അനന്തനു് മക്കളില്ല. പഞ്ചസാര മണല് നിരന്നു കിടക്കുന്ന വിശാലമായ മുററത്തു് ഓടിച്ചാടുന്ന ഒരു കുഞ്ഞുകാലു കാണാൻ കൃഷിക്കാരന്റെ ഭാര്യയ്ക്കു് എന്തു മോഹമായിരുന്നെന്നോ! എല്ലാ ദൈവങ്ങളോടും അയാൾ കണ്ണുനീരോടെ പ്രാർത്ഥിച്ചു. നോയ്മ്പു നോററു. നേർച്ചകളും വഴിപാടുകളും കഴിച്ചു. അവർക്കു മക്കളുണ്ടായില്ല. ഐശ്വര്യം നൃത്തം ചവിട്ടുന്ന തറവാട്ട്. അവിടെ ദുഃഖം കുടിയിരുന്നുറങ്ങുന്നതുപോലെ തോന്നും.

എല്ലാ പ്രതീക്ഷകളും നശിച്ചു. മക്കളില്ലാത്തതിനെപ്പററി അവർ പരസ്യമായി ദുഃഖിക്കാതായി. ഗ്രാമത്തിലുള്ള കുട്ടികളെയെല്ലാം സ്വന്തം കുട്ടികളാണെന്നു കരുതി. അങ്ങനെ ആശ്വസിക്കാൻ അനന്തൻ ഭാര്യയെ ഉപദേശിച്ചു. എങ്കിലും അവരുടെ കണ്ണുകളിൽ ദുഃഖം ഉറങ്ങുന്നതുപോലെ തോന്നും. എൻെറ കുട്ടി എവിടെ...എവിടെ....? ആ കണ്ണുകൾ അന്വേഷിച്ചു നടക്കുന്നതു പോലെ തോന്നും.

അറിയുന്ന കുട്ടികളെല്ലാം അനന്തനെ അമ്മാവനെന്നാണു വിളിക്കുക. അനന്തനമ്മാവൻ! എത്ര തിരക്കുണ്ടെങ്കിലും കുട്ടികളെ കണ്ടാൽ അയാൾ അവരോടു കുശലം ചോദിക്കും. അരികിൽ ചേർത്തു നിർത്തി നെറുക തലോടിക്കൊണ്ടു് വീട്ടുകാര്യങ്ങൾ അന്വേഷിക്കും.

സ്കൂൾ കുട്ടികൾ വഴിയിലൂടെപ്പോകുമ്പോൾ അനന്തൻെറ വീട്ടു പടിക്കൽ നിന്നു വിളിച്ചു ചോദിക്കും; "അമ്മാവനുണ്ടോ..."

ഇല്ലെങ്കിൽ ഒരുതരം നിരാശയോടെ നടക്കും. ഉണ്ടെങ്കിൽ അയാൾ ചിരിച്ചുകൊണ്ടു് പുറത്തിറങ്ങിവരും. അവർ ഓടിവന്നു് അയാളെ പൊതിഞ്ഞു നിൽക്കും. ഒരാൾക്കു മുല്ലപ്പൂക്കൾ വേണം. മറെറാരാൾക്കു് കരിക്കു്. എന്തും അയാൾ അനുവദിച്ചു കൊടുക്കും. ഏതു കുട്ടികളും അയാൾക്കു് "മോനാ"ണു്, "മോളാ"ണു്. കുട്ടികൾക്കു് അയാൾ സ്നേഹമുള്ള അമ്മാവനും.

ഭാരതിയമ്മ രാവിലെ എഴുന്നേൽക്കും. ഒരു പഴയ മുറത്തിൽ തവിടു നനച്ചു വെയ്ക്കും. എന്നിട്ടു് കോഴിക്കൂടു തുറന്നുവിടും. അവ തവിടു തിന്നാൻ വേണ്ടി ഒരു പാച്ചിലാണു്. അവർ അതു നോക്കി നിൽക്കും. മക്കളോടെന്നപോലെ വാത്സല്യമാണു് അവയോടു്. കൊക്കു നിറയുമ്പോൾ അവ ഓരോന്നായി മാറിനില്ക്കും. അവർ ഓരോന്നിനേയും കയ്യിലെടുത്തു തലോടും. അതിൻെറ കൊക്കു് കവിളിൽ ചേർത്തു് "മോനേ" "മോളേ" എന്നു വിളിക്കും. എന്നിട്ടു് തൊഴുത്തിലേക്കു ചെല്ലും. അവരുടെ കാലൊച്ചു കേട്ടാൽ പശുക്കളും പശുക്കുട്ടികളും തല ഉയർത്തി നോക്കും. അവർ വൈയ്ക്കോൽ നീക്കിയിട്ടുകൊടുക്കും. തല ഉയർത്തി നിൽക്കുന്ന പുള്ളിപ്പശുവിൻെറ നെററി തലോടും.

പുള്ളിപ്പശു പ്രസവിച്ചിട്ട് അധികദിവസം ആയില്ല. മററ രണ്ടെണ്ണം പ്രസവിക്കാറായിരിക്കുന്നു. പുള്ളിപ്പശുവിനോട് അവക്കു കൂടുതൽ സ്നേഹമുണ്ട്. കുഞ്ഞിലേമുതൽ അതിനെ താലോലിച്ചു വളത്തിയതാണ്. അതു് അവരെ സ്നേഹപൂർവ്വം നക്കുകയും ഉരുമ്മുകയും ചെയ്യും.

അനന്തൻ എന്ന കൃഷിക്കാരൻ.

അയാളുടെ ഭാര്യ.

ഇരുപത്തിരണ്ട് അംഗങ്ങളുള്ള വലിയ തറവാട്!

പടിഞ്ഞാറെ നിലത്തിൽ കൊയ്ത്തു കഴിഞ്ഞു. നല്ല വിളവായിരുന്നു. നെല്ലിനു തീ പിടിച്ച വിലയും. കൃഷിക്കാരും കഷ്കത്തൊഴിലാളികളും സന്തോഷിച്ചു.

അനന്തൻെറ നിലത്തിൽ ഇപ്പോഠ കൃഷി നടത്തുന്നതു തലപ്പുലയനാണ്. കൊയ്ത്തായാൽ അയാഠ വല്ലപ്പോഴുമേ പാടത്തേക്കു ചെല്ലൂ. തലപ്പുലയൻ എല്ലാം സ്വന്തംപോലെ സൂക്ഷിക്കുമെന്ന് അയാഠക്കു വിശ്വാസമുണ്ട്. അവർ പരസ്പരം സ്നേഹിക്കയും വിശ്വസിക്കയും ചെയ്യുന്നു. അടുത്തറിഞ്ഞ സ്നേഹബന്ധം!

അവസാനത്തെ ചുമട്ടുകാരൻ നെല്ലുമായി എത്തുമ്പോഠ തലപ്പുലയനും ഒപ്പമുണ്ടാകും. വിവരം അറിയിക്കാനുള്ള വരവാണ്.

അനന്തൻ മുററത്തു നോക്കിനിൽക്കുകയാവും. അയാഠ തലപ്പുലയൻെറ പേരു വിളിക്കും.

"എന്താമ്പ്രാ...."

അവൻ പല്ലില്ലാത്തമോണ കാട്ടും.

"എല്ലാം തൃപ്തിയായോ?"

കൃഷിക്കാരൻ ചിരിക്കും.

"അതേമ്പ്രാ"

ചോദ്യങ്ങളും ഉത്തരങ്ങളും അത്രേയുള്ളൂ. തലപ്പുലയൻ തിരിഞ്ഞു നടക്കും. അയാൾ കളത്തിലേക്ക പോകയാണ്. ഉണങ്ങാൻ നിരത്തിയിരിക്കുന്ന കച്ചി കൂട്ടിയിടണം. രാത്രി മഴയെങ്ങാനും ചതിച്ചെങ്കിലോ!

അനന്തൻ തിരികെ ഉമ്മറത്തേക്കു കയറുമ്പോൾ ഭാരതിയമ്മ പുഞ്ചിരിച്ചുകൊണ്ട് അടുക്കളവാതിൽക്കൽ നിൽക്കുന്നുണ്ടാകും.

"തലപ്പൊലേന സന്തോഷാണോ"

ഭർത്താവിനോടൊപ്പം നടന്നുകൊണ്ട് അവർ അന്വേഷിക്കുമ്പോൾ അയാൾ ചിരിക്കുകമാത്രം ചെയ്യും; എല്ലാം ഭംഗിയായി നടക്കുന്നു എന്ന അർത്ഥത്തിൽ.

കഴിഞ്ഞ കൊയ്ത്തിനു് ഒരു സംഭവമുണ്ടായി. വളരെ രസകരമായ സംഭവം.

മാത്തൻ സാറിന്റെ നിലം കൊയ്തു. കളത്തിൽ കററയടുക്കി. തലപ്പുലയനും മാത്തൻ സാറും കാവൽ കിടന്നു. നേരം വെളുത്തപ്പോൾ പത്തോളം കററകൾ നഷ്ടപ്പെട്ടതായി മാത്തൻ സാർ മനസ്സിലാക്കി. അപ്പോൾ തലപ്പുലയൻ അവിടെ ഉണ്ടായിരുന്നില്ല. അവനല്ലാതെ മററാരും ഈ വേല കാണിക്കില്ലെന്നു സാറിനു അറിയാം. പക്ഷേ ചോദിക്കാൻ ഒരു മടി. ഉടമസ്ഥൻ കഴിഞ്ഞാൽ അടുത്ത അവകാശി അവനാണ്.

തലപ്പുലയൻ തിരികെ വന്നപ്പോൾ സാറു വിവരം പറഞ്ഞു. പുലയനു ഒരു കുലുക്കവും ഉണ്ടായില്ല. പുലയന്റെ മുഖത്തു നോക്കിക്കൊണ്ട് അയാൾ പള്ളിക്കു നേന്നു, കററമോഷണത്തിന്റെ കഥ ഒരാഴ്ചയ്ക്കകം തെളിയണമെന്ന്. എങ്കിൽ പള്ളിക്ക് വെള്ളികൊണ്ടൊരു ആൾരൂപം കൊടുക്കും. തമ്പ്രാൻ നേർച്ച പറഞ്ഞു തീന്നപ്പോൾ തലപ്പുലയന്റെ ഉള്ളൊന്നു കത്തി.

പള്ളിക്കു നേന്നാൽ അക്കാര്യം തെളിയും എന്നാണു വിശ്വാസം. അവിടെ നിന്നു സർപ്പം വരുമത്രേ. എന്നിട്ട് കള്ളം തെളിയിക്കും. തലപ്പുലയൻ പരിഭ്രമിച്ചു.

"എങ്കിലും തമ്പ്രാ..." എന്നു പറയാൻ ഓങ്ങി. എങ്കിലും പറഞ്ഞില്ല. ഒരു പരിഭ്രമവും കാണിക്കാതെ അങ്ങനെ നിന്നതേയുള്ളു.

രണ്ടു ദിവസം കഴിഞ്ഞു. സൂര്യൻ അസ്തമിച്ചതേയുള്ളു, ഇരുള് പതുങ്ങിപ്പതുങ്ങി വരുന്നു. തലപ്പുലയൻ മുററത്ത് പലതും ആലോചിച്ചിരുന്നു, പാടം കടന്നുവരുന്ന കുളിർ കാററ് അയാളെ തലോടിക്കൊണ്ട് കടന്നുപോയി.

പിന്നിൽ നിന്ന് ഒരു ചീററൽ കേട്ടു. തലപ്പുലയൻ തിരിഞ്ഞുനോക്കി. ഒരു മൂർഖൻ പത്തി വിടർത്തി തൊട്ടുപിന്നിൽ. ആദ്യം അയാളൊന്നു ഞെട്ടി. തമ്പ്രാൻ പള്ളിക്കു നേർന്ന കഥ യോർത്തു. അപ്പോൾ കള്ളം തെളിയിക്കാൻ വന്നിരിക്കയാണ്. അയാൾ സാവധാനത്തിൽ എഴുന്നേററു തല ഉയർത്തി നിൽക്കുന്ന മൂർഖനെ നോക്കി.

ഒരു നിമിഷം കൊണ്ട് അയാൾ ധീരനായി!

കററ താൻ മോഷ്ടിച്ചതാണെന്നു പറയാമോ? തമ്പ്രാൻ പത്തു കററയെടുത്താൽ അതു മോഷണമാകുമോ? തമ്പ്രാൻ കഴിഞ്ഞാൽ അടുത്ത അവകാശി താനല്ലേ? ഏറെക്കുറെ തമ്പ്രാനുള്ളതു പോലെ ഒരവകാശം! അപ്പോൾ താൻ മോഷ്ടിച്ചെന്നു പറയുന്നതു ശരിയാണോ? തനിക്ക് അവകാശമുള്ളതു ചെയ്തു. അത്രയുള്ളു. അപ്പോൾ സർപ്പത്തെ വിട്ടതു ശരിയാണോ? നെല്ലു വിളയിച്ച തന്നെ കടിപ്പിക്കാൻ. കടിച്ചു കൊല്ലാൻ. തലപ്പുലയൻ ചൊടിച്ചു.

അയാൾ കുടിലിനകത്തേക്ക് ഓടിക്കയറി. ഒററാലുമായാണ് തിരിച്ചിറങ്ങിയതു്. അപ്പോൾ പാമ്പ് കുടിലിനകത്തേക്ക് ഇഴഞ്ഞു കടക്കുകയായിരുന്നു. അയാളെ അന്വേഷിച്ചിട്ടെന്നപോലെ.

പുലയൻ പാമ്പിനെ ഉന്നി. അയാളുടെ ഉന്നം തെററിയില്ല. രണ്ടു ചാണോളം തല പുറത്തും. ബാക്കി ഒററാലിനകത്തുമായി. ഒററാൽ അമർത്തിപ്പിടിച്ചു. അയാൾ അതിന്റെ പുറത്തു കയറി ഇരുന്നു. അയാൾ കോപം കൊണ്ടു വിറച്ചു. അപ്പോൾ പാമ്പ് വേദനകൊണ്ട് പുളയുകയായിരുന്നു.

തലപ്പുലയന്റെ കൊച്ചു മകളാണ് അനന്തനെ വിളിച്ചു കൊണ്ടുവന്നതു്. പത്തി വിടർത്തി നിന്നു് ചീററുന്ന പാമ്പിനെ ഊന്നി ഒററാലിന്റെ പുറത്തിരിക്കുന്ന തലപ്പുലയനെ കണ്ടപ്പോൾ അനന്തൻ അത്ഭുതപ്പെട്ടുപോയി.

അനന്തനെ കണ്ടപ്പോൾ ഒററാൽ അമർത്തിപ്പിടിച്ചുകൊണ്ടു് അയാൾ പതുക്കെ എഴുന്നേററു. അനന്തൻ ഇരുന്നിട്ടേ അയാൾ പിന്നെ ഇരുന്നുള്ളു.

മാത്തൻ സാറിന്റെ നേർച്ചയുടെ കഥ തലപ്പുലയൻ വിവരിച്ചു.

എന്നിട്ടു് സർപ്പത്തിനോടായി പറഞ്ഞു.

"ഏന്നെലമൊഴുതു. നെലം വെതച്ചതും, വെള്ളം തേവിയതും ഏന്തന്നെ. ഏൻ രണ്ടു കററയെടുത്തേങ്കി പള്ളീലപ്പനു് ഏന്തു ചേതാ?"

കയ്യിലിരുന്ന വെട്ടുകത്തിയുടെ മാട്ടുകൊണ്ടു് പുലയൻ പാമ്പിന്റെ തലയ്ക്കടിച്ചു. പാമ്പു ചീറി. പുലയൻ വകവെച്ചില്ല. അപ്പോൾ അനന്തൻ കലുങ്ങിച്ചിരിച്ചുപോയി.

പുലയൻ തുടർന്നു:

"കള പറിച്ചു്, വളം ചേറി. അപ്പൊ മററാരും ഒണ്ടാർന്നില്ല. ഇപ്പം വന്നിരിക്ക്ണു കടിച്ചുകൊല്ലാൻ."

വീണ്ടും അടി.

അനന്തനു നന്നേ രസിച്ചു.

"കതിരു കണ്ടേപ്പിന്നെ ഏനൊറങ്ങിയിട്ടില്ല."

അയാൾ വാശിയോടെ പറഞ്ഞു.

"കററ കൊയ്തു് കരയ്ക്കു് വെച്ചപ്പം അവകാശ്യാള് വന്നു. ഏൻ രണ്ടു കററയെടുത്തപ്പം കടിച്ചു കൊല്ലാൻ വന്നിരിക്ക്ണു."

അയാൾ വാശിയോടെ പാമ്പിനെ അടിച്ചുകൊന്നപ്പോൾ അനന്തൻ ഉറക്കെ ചിരിച്ചുപോയി.

മണ്ണിൽ പണിയെടുക്കുന്നവരെപ്പററി അനന്തന്‌ നന്നായി അറിയാം. അതിൻെറ വേദന അയാൾ രുചിച്ചറിയുന്നതാണ്‌. അയാളൊരിക്കലും പണിക്കാരോടു കണക്കു പറയില്ല. അവരുടെ സന്തോഷം തൻെറ സന്തോഷമായി കരുതി.

കൊയ്ത്തു കഴിഞ്ഞതിൻെറ അടുത്ത ദിവസമാണ്‌ മഴ തുടങ്ങിയതു്. പെട്ടെന്നു മാനം ഇരുണ്ടു. മണ്ണു തുരന്നിറങ്ങുന്നതു പോലെ മിന്നലുകൾ ഉണ്ടായി. ദിക്കുകളെ നടുക്കിക്കൊണ്ടു്‌ മേഘങ്ങൾ അലറി. എന്തൊരു മഴയായിരുന്നു!

പ്രസിദ്ധമായ നദി കര കവിഞ്ഞൊഴുകി. ഓർത്തിരിക്കാത്ത സമയത്തുണ്ടായ ഭയങ്കര വെള്ളപ്പൊക്കം. മലവെള്ളപ്പാച്ചിലിൽ കുടിലുകളും മനുഷ്യരും ഒഴുകിപ്പോയി. ഗ്രാമീണർ അതു നിറകണ്ണു കളോടെ നോക്കിനിന്നു. ആർക്കും ഒഴുക്കിലിറങ്ങാൻ ധൈര്യം വന്നില്ല.

വലിയ മരങ്ങൾ കടപുഴകി ഒഴുകി. കൂട്ടിലിരിക്കുന്ന കുഞ്ഞുങ്ങളെ രക്ഷപ്പെടുത്താൻ കഴിയാതെ തള്ളക്കിളികൾ അവയ്ക്കു വട്ടം ചുററിപ്പറന്നു. മരങ്ങൾ ചുഴിയിൽ മുങ്ങുമ്പോൾ കിളിക്കൂടു വെള്ളത്തിലാകും. പെട്ടെന്നു പൊങ്ങി വരികയും ചെയ്യും. അപ്പോൾ കിളിക്കുഞ്ഞു്‌ വേദനയോടെ കരയും. തള്ളക്കിളി അതിനേക്കാൾ ദയനീയമായും.

അറയും നിരയുമുള്ള പുരകൾപോലും ഒഴുകിപ്പോയത്രെ. ചില വീടുകളുടെ മച്ചിൻ പുറത്തുനിന്നു്‌ നിലവിളികൾ ഉയരുന്നുണ്ടായിരുന്നുപോലും. കരയ്ക്കു നോക്കി നിൽക്കാനേ കഴിഞ്ഞുള്ളു, നിസ്സഹായരായി നിലവിളിക്കുന്നവരെനോക്കി; നിറഞ്ഞ കണ്ണുകളോടെ.

പടിഞ്ഞാറെ വയലിൽ ചുവന്നു കലങ്ങിയ മലവെള്ളം ഇപ്പോഴും നിറഞ്ഞു കിടക്കുന്നു. കൃഷിക്കാർക്കു കുറെ വൈക്കോൽ മാത്രമേ നഷ്ടപ്പെട്ടുള്ളു. പക്ഷേ ആ വെള്ളപ്പൊക്കം വരുത്തിവെച്ച കെടുതികൾ ഭയങ്കരങ്ങളായിരുന്നു. പലർക്കും വീടില്ലാതായി. ചില

Date..........
ERNAKULAM

വീടുകളിൽ ആളുകളും. അനന്തനും കൂട്ടുകാരും ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാൻ ഗ്രാമങ്ങൾ തോറും നടന്നു. രണ്ടുമൂന്നു ദിവസത്തെ വിശ്രമമില്ലാത്ത അദ്ധ്വാനം.

പടിഞ്ഞാറെ നിലം കായൽ പോലെ കിടക്കുന്നു. ഓളങ്ങൾ കര തകർക്കുമെന്നു തോന്നും. നോക്കെത്താത്ത വെള്ളപ്പരപ്പു നോക്കി നിൽക്കുമായിരുന്നു അനന്തൻ. അങ്ങനെ നോക്കി നിന്നപ്പോൾ അയാൾ പലതും ചിന്തിച്ചു പോയി.

മാനം ഇരുണ്ടതറിഞ്ഞില്ല. നേരം ഇരുട്ടിത്തുടങ്ങിയതും. ഒരു തണുത്ത കാററ് ശക്തിയായി വീശി. മണ്ണു തുരക്കുന്ന മിന്നൽ. അനന്തൻ വളരെ വേഗം വീട്ടിനുള്ളിലേക്ക് ഓടിക്കയറി.

മഴ......

കനത്തമഴ......

മണ്ണു തുരക്കുന്ന മിന്നൽ.......

ദിക്കുകളെ നടുക്കുന്ന ഇടിയും......

അസ്വസ്ഥമായ മനസ്സുമായാണ് അനന്തൻ ആ രാത്രി ഉറങ്ങാൻ കിടന്നത്.

പട്ടി കുരയ്ക്കുന്നതു കേട്ടാണ് ഉണർന്നത്. അവൻ വല്ലാതെ കുരയ്ക്കുകയും മുരമുരക്കുകയും ചെയ്യുന്നു. മനുഷ്യരെ ആരെയോ കണ്ടിട്ടെന്നപോലെ. അയാൾ ചെവി വട്ടം പിടിച്ചു. എന്താണ്? ഈ കോരിച്ചൊരിയുന്ന മഴയ്ക്ക് ആരാണ് കയറി വന്നിരിക്കുന്നത്. കയറിവന്നിട്ട് മിണ്ടാതെ നിൽക്കുകയാണോ? അത് കള്ളൻെറ സ്വഭാവമല്ലേ? അനന്തൻ പലതും സംശയിച്ചുപോയി.

അങ്ങനെ ആലോചിച്ചു കിടക്കുമ്പോഴാണ് ഭാരതിയമ്മ വിളക്കു കൊളുത്തിയതു്. അപ്പോൾ പട്ടി ഉറക്കെയുറക്കെ കുരയ്ക്കുന്നതു കേട്ടു.

"എന്താണതു്?"

ഭാരതി കിടക്കയിൽനിന്ന് എഴുന്നേററുകൊണ്ടു ചോദിച്ചു.

അനന്തൻ ഒന്നും മിണ്ടിയില്ല. അയാളുടെ ശ്രദ്ധ പുറത്തായിരുന്നു.

ശബ്ദമുണ്ടാക്കാതെ കതകു തുറന്നു. അനന്തൻ മുമ്പിലിറങ്ങി, ഭാരതിയമ്മ പിന്നാലെയും.

കണ്ണഞ്ചിക്കുന്ന മിന്നലുണ്ടായതു പെട്ടെന്നാണു്.

ചെവിയടയ്ക്കുന്ന ഇടിമുഴക്കം.

രണ്ടുപേരും ഒപ്പം ഞെട്ടി.

ആ മുഴക്കത്തോടൊന്നിച്ചു് "അയ്യോ" എന്നൊരു ശബ്ദവും കേട്ടു!

ഒരു കാററു് ശക്തിയായി അടിച്ചു. വിളക്കു് പിടഞ്ഞു പിടഞ്ഞു കെടാൻ തുടങ്ങിയപ്പോഠം ഭാരതിയമ്മ ഇടതു കൈകൊണ്ടു് വിളക്കു മറച്ചു.

പിന്നെയും മഴ......

കനത്ത മഴ......

കൊച്ചു മിന്നലുകളും.

ഉമ്മറത്തിൻെറ തെക്കേയരുകിൽ നിര ചാരി ആരോ ക്രുനിക്കൂടി നിൽക്കുന്നതു കണ്ടു. ഭാരതിയമ്മയുടെ കൈയിൽ നിന്നു് വിളക്കു വാങ്ങി അനന്തൻ രൂപത്തെ സമീപിച്ചു.

"ആരാതു്?"

ഭാരതിയമ്മ പിന്നാലെ നടന്നുകൊണ്ടു് ചോദിച്ചു.

ഉത്തരമൊന്നും ഉണ്ടായില്ല.

ഒരു മിന്നലും തുടന്നൊരു ഇടിയും ഉണ്ടായി.

അനന്തൻ അടുത്തു ചെന്നു. വിളക്കു മുഖത്തോടു ചേർത്തു

നോക്കി. അപ്പോൾ "അയ്യോ" എന്നു ശബ്ദിച്ചതു് ഭാരതിയമ്മയായിരുന്നു.

ഒരു കൊച്ചു ചെറുക്കനാണതു്. വെളുത്തു മെലിഞ്ഞ ഒരു ബാലൻ. കീറിത്തുടങ്ങിയ ട്രൗസറും, ചെളി പിടിച്ച കീറക്കുപ്പായവും നനഞ്ഞു കുതിർന്നു് ശരീരത്തോടു പററിച്ചേർന്നിരിക്കുന്നു. വളർന്നിറങ്ങി ചിതറി വീണ മുടിച്ചുരുളുകളിൽ നിന്നു് വെള്ളത്തുള്ളികൾ ഇററു വീഴുന്നു. മാറോടുചേർത്തിരിക്കുന്ന കൈത്തലങ്ങളിൽ എന്തോ ഒന്നു് അടുക്കിപ്പിടിച്ചിട്ടുണ്ടു്. കൂനിക്കൂടി നില്ക്കുന്ന അവൻ കുളിരു് വിറയ്ക്കുകയാണു്. പല്ലു കൂട്ടിയടിക്കുന്ന ശബ്ദം വ്യക്തമായി കേൾക്കാം.

അനന്തനു് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. ഭാരതിയമ്മയ്ക്കു മനസ്സുനൊന്തു. "കഷ്ടം", അവർ അറിയാതെ പറഞ്ഞു. അവന്റെ കറുത്തു നീണ്ട കണ്ണുകൾ അവരോടു് എന്തെല്ലാമോ യാചിക്കുന്നതുപോലെ തോന്നി.

"വാ, മോനേ..."

അനന്തൻ അവന്റെ കൈപിടിച്ചുകൊണ്ടു് അകത്തേക്കു നടന്നപ്പോൾ ഭാരതിയമ്മ ആശ്വാസസൂചകമായി നെടുവീർപ്പിട്ടു. അപ്പോഴാണു് അവൻ മാറത്തടുക്കിപ്പിടിച്ചിരുന്ന സാധനം വ്യക്തമായി കണ്ടതു്. ചിരട്ടയും ഈററക്കഷ്ണങ്ങളും കൈതനാരും ചേർത്തുണ്ടാക്കിയ ഫിഡിൽ. പട്ടണത്തിലൂടെ നടക്കുന്ന പാട്ടുകാരൻ ഇരുപത്തിയഞ്ചു പൈസയ്ക്കു വില്ക്കുന്നതു്.

2

മനോഹരമായ ഒരു ഗാനത്തിന്റെ നേരിയ നാദം കാതുകളിൽ മെല്ലെ മുഴങ്ങുന്നതു കേട്ടുകൊണ്ടാണ് ഭാരതിയമ്മ ഉണർന്നത്. സാവധാനത്തിൽ കണ്ണു തിരുമ്മിത്തുറന്നു. അവർക്ക് കാതുകളെ വിശ്വസിക്കാൻ കഴിയുന്നില്ല. ഫിഡിലിന്റെ കൊച്ചു സ്വരം കാതുകളിൽ തങ്ങിനിൽക്കുന്നു. അന്നുവരെ കേട്ടിട്ടില്ലാത്ത മനോഹരമായ സംഗീതം. വളരെ അടുത്തുനിന്ന് പുറപ്പെടുന്നതു പോലെ. എങ്കിൽ എവിടെ നിന്നാണത്? എവിടെ നിന്ന്?

അവർ സാവധാനത്തിൽ എഴുന്നേററു. ആരോ കതകു തുറന്നു പുറത്തിറങ്ങിയിരിക്കുന്നു. ആരാണ്? ഇനിയും നേരം ശരിക്കു വെളുത്തിട്ടില്ല. അദ്ദേഹം ഇത്ര വെളുപ്പിനെ എഴുന്നേല്ക്കുന്ന പതിവില്ല. അവരും കിടക്കയിലേക്കു നോക്കി. അനന്തൻ സുഖമായുറങ്ങുന്നു.

അപ്പോഴാണ് അവന്റെ കാര്യം ഓർമ്മിച്ചത്. രാത്രി വന്നു കയറിയ ബാലന്റെ കഥ. അവൻ ഒരു കൊച്ചു ഫിഡിൽ മാറത്തടുക്കിപ്പിടിച്ചിരുന്നു.

അവർ ഉമ്മറത്തിറങ്ങി. ഉമ്മറത്തിന്റെ തെക്കേ അരികുചേർന്ന് അവൻ മുട്ടുമടക്കി ഇരിക്കുകയാണ്. മുമ്പിൽ മണ്ണെണ്ണ വിളക്കിരുന്ന് എരിയുന്നു. വീണാപാണിയായ ദേവിയുടെ ചിത്രത്തിൽ ഉററുനോക്കിക്കൊണ്ടാണ് അവന്റെ ഇരുപ്പ്. നിരയിലിരിക്കുന്ന ആ ചിത്രം അവൻ എങ്ങനെ കണ്ടു പിടിച്ചു? കഴിഞ്ഞ രാത്രി അവൻ കൂനിക്കൂടി നിന്നു വിറച്ചതും ആ ചിത്രത്തിന്റെ ചുവട്ടിൽത്തന്നെ.

അവൻ ഫിഡിൽ വായിക്കയാണ്. അതിൽ നിന്ന് ആരെയും വശീകരിക്കുന്ന ഭക്തിഗാനം ഒഴുകിപ്പരക്കുന്നു. എത്ര മനോഹരമായ ശബ്ദമാണ്. ചിരട്ടയും ഈററക്കഷണങ്ങളും കൈതനാരും ചേർത്തുണ്ടാക്കിയ ഫിഡിലാണത്. ഇരുപത്തഞ്ചുപൈസ വില വരുന്ന വെറും ഒരു കളിപ്പാട്ടം. അവർക്കൊന്നും വിശ്വസിക്കാൻ കഴിഞ്ഞില്ല. അവർ അവന്റെ തൊട്ടു പിന്നിൽ ചെന്നു നിന്നു. അവനെത്തന്നെ ശ്രദ്ധിച്ചുകൊണ്ട്. അവൻ അതൊന്നും അറിഞ്ഞതേയില്ല.

ദേവിയുടെ ചിത്രത്തിൽ കണ്ണുനട്ടു് തന്നെത്താൻ മറന്നു് അവൻ ഫിഡിൽ വായിക്കുയാണു്. അതിൻെറ മനോഹരമായ നാദം അന്തരീക്ഷത്തിൽ അരിച്ചരിച്ചു നില്ക്കുന്നു. ഉയന്നുയന്നു് ആ ശബ്ദം ദേവലോകത്തോളം ചെല്ലുമോ? വീണാപാണിയായ ദേവിയുടെ കാതുകളിലും.

ഗാനത്തിൻെറ ഭക്തിരസം വദ്ധിച്ചുകൊണ്ടിരുന്നു. അവന്റെ വെളുത്ത മുഖം ചുവന്നു. മനോഹരമായ നീണ്ട കണ്ണുകളിൽ നിന്നു് കണ്ണുനീർ ധാരയായൊഴുകി. മണ്ണെണ്ണ വിളക്കിൻെറ പ്രകാശത്തിൽ അവ പൊന്മുത്തുകൾപോലെ തിളങ്ങി.

ഓത്തിരിക്കാത്ത നിമിഷത്തിലാണു് ഗാനം അവസാനിച്ചതു്. ഭാരതിയമ്മയ്ക്കു വേദനതോന്നി. ആ ഗാനം ഒരിക്കലും അവസാനിക്കാതിരുന്നെങ്കിലെന്നു് അവർ ആഗ്രഹിച്ചതാണു്.

അവൻ കണ്ണുകൾ അടച്ചു. കൈകൾകൂപ്പി. ഒരു ദിവ്യയോഗിയെപ്പോലെ ധ്യാനത്തിൽ മുഴുകി. അപ്പോൾ അവൻെറ മുഖത്തു് ഒരു കൊച്ചു ചന്ദ്രൻെറ പ്രകാശമുണ്ടായിരുന്നു.

"ദേവി...."

അവൻെറ ചുണ്ടുകൾ മന്ത്രിച്ചു. കണ്ണുകളിൽ നിന്നൊഴുകിക്കൊണ്ടിരുന്ന കണ്ണുനീർ സാവധാനത്തിൽ തുടച്ചുകൊണ്ടു് അവൻ ഫിഡിൽ കൈയ്യിലെടുത്തു. ചുണ്ടിലും കണ്ണിലും ചേർത്തു ഉമ്മ വെച്ചു. മെല്ലെ എഴുന്നേററു.

"മോനേ......"

തുളുമ്പി നിന്ന കണ്ണുനീരൊപ്പിക്കൊണ്ടു് ഭാരതിയമ്മ മന്ത്രിക്കുന്നതുപോലെ വിളിച്ചു. അവൻ ഞെട്ടിത്തിരിഞ്ഞപ്പോൾ അവർ അവൻെറ ചുമലു് പിടിച്ചു് തന്നോടു ചേർത്തു നിർത്തി.

അവൻെറ പേരു രാമു എന്നാണു്. പ്രസിദ്ധമായ നദിയുടെ തീരത്തുള്ള മറെറാരു ഗ്രാമമാണു് സ്വദേശം. പ്രസിദ്ധമായ ഗ്രാമത്തിൽ നിന്നു് ഒമ്പതു മൈൽ അകലെ.

ഒരു കൊച്ചു കുടിലിലായിരുന്നു അവൻെറ വീടു്. മുളയും ഓലയും കൊണ്ടുണ്ടാക്കിയ ചെററപ്പുര. താമസിച്ചിരുന്ന പറമ്പു്

മനയ്ക്കലേതായിരുന്നു. വലിയ നമ്പൂതിരിയുടെ കൊച്ചു കാരുണ്യം കൊണ്ടു് അവരവിടെ കഴിഞ്ഞുകൂടി. കേശുനായരുടെ കൊച്ചു കുടുംബം.

അമ്മയ്ക്കു് മനയ്ക്കൽ അടുക്കളപ്പണിയായിരുന്നു. പുലരുന്നതിനു് മുമ്പു് പിടഞ്ഞെഴുന്നേൽക്കും. പെട്ടെന്നു് ഒന്നൊരുങ്ങും. പല്ലു തേച്ചു മുഖം കഴുകുകയും, തലമുടി കൈകൊണ്ടൊന്നൊതുക്കി പിന്നോക്കം കെട്ടുകയും, ഉടുതുണിയൊന്നു കുടഞ്ഞുടുക്കുകയും ചെയ്യുന്നതാണു് ആ ഒരുക്കം. പിന്നെ മകനെ കുലുക്കിയുണർത്തും. എന്നിട്ടു പറയും:

“മോനങ്ങു മനയ്ക്കലോട്ടു വരണേ.”

അമ്മ പുറപ്പെടുകയായി.

അച്ഛനാണു് വിളിച്ചുണർത്തുന്നതു്. ഒന്നാമതു് ഓലച്ചെററയിൽ ചാരിവെച്ചിരിക്കുന്ന ദേവിയുടെ ചിത്രത്തിനു മുമ്പിൽ കൊണ്ടിരുത്തും. അഞ്ചുതിരികൾ പിടഞ്ഞു പിടഞ്ഞു കത്തുന്ന നിലവിളക്കിനു മുമ്പിൽ. ഒപ്പം അച്ഛനുമുണ്ടാകും. അച്ഛൻെറ കൈയ്യിൽ ഫിഡിലും. ചിരട്ടയും ഈററക്കഷ്ണങ്ങളും കൈതനാരും ചേർത്തുണ്ടാക്കിയ ഫിഡിൽ. അതിൽ നിന്നു് മനോഹരമായ സംഗീതം പുറപ്പെടുകയായി. അവൻ കണ്ണടച്ചു കൈകൾകൂപ്പി ഇരിക്കണമെന്നാണു് നിർദ്ദേശം. പക്ഷെ, പലപ്പോഴും കണ്ണു തുറന്നു നോക്കുമായിരുന്നു അച്ഛൻ ഫിഡിൽ വായിക്കുന്നതു കാണാൻ. ആ മനോഹരമായ ശബ്ദം എങ്ങനെയുണ്ടാകുന്നു എന്നു മനസ്സിലാക്കാനുള്ള ആഗ്രഹം. എന്നാൽ അച്ഛൻെറ കണ്ണുകളിൽനിന്നു് കണ്ണുനീരൊഴുകി ഒട്ടിയ കവിളിലൂടെ ഒലിച്ചിറങ്ങുന്നതു കാണുമ്പോൾ അവൻെറ കൊച്ചു ഹൃദയം വേദനിക്കുമായിരുന്നു. അവൻെറ കണ്ണുകളും നിറഞ്ഞു തുളുമ്പുമായിരുന്നു.

പ്രാർത്ഥന അവസാനിച്ചാലും അവൻ അച്ഛൻെറ മുഖത്തു നോക്കി അങ്ങനെയിരിക്കും. അയാൾ കണ്ണുതുറക്കുമ്പോൾ രാമുവിൻെറ കൊച്ചുകണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ കാണും. കവിളിൽ കണ്ണുനീർച്ചാലുകളും. അയാളവനെ മാറോടു ചേർക്കും. “മോനെ” എന്നു വിളിച്ചു് അവൻെറ കുരുന്നുകവിളിൽ പിന്നെയും പിന്നെയും ഉമ്മവെയ്ക്കും.

അച്ഛനും രാമുവും ഒന്നിച്ചാണ്‌ ദിനകൃത്യങ്ങൾ നടത്തുക. കുളിച്ചു കയറിയാൽ അച്ഛൻ പണിപ്പുരയിലേക്കു പോകും. അവൻ അച്ഛനെ പിൻതുടരും.

കുടിലിനോടു ചേർന്നുള്ള ചായ്‌പായിരുന്നു പണിപ്പുര. അവിടെ ചിരട്ടകൾ കുന്നുകൂടിക്കിടക്കും. ഈറക്കഷണങ്ങളും. വെളുത്തു മിനുസമുള്ള കൈതനാരുകൾ അങ്ങനെ അടുക്കിയടുക്കി വെച്ചിരിക്കും.

ചിരട്ടയും ഈറക്കഷണങ്ങളും കൈതനാരും ചേർത്ത്‌ അച്ഛൻ കൊച്ചു ഫിഡിലുകളുണ്ടാക്കും. മനോഹരമായ കൊച്ചു ഫിഡിലുകളുണ്ടാക്കുന്ന ആ കൊച്ചുപണിപ്പുര നാട്ടിൽ പ്രസിദ്ധമായിത്തീർന്നു.

അച്ഛൻ കൊച്ചുളിയെടുത്ത്‌ ചിരട്ടചീകാൻ തുടങ്ങും. ഉളിയും ചിരട്ടയും കൂട്ടിയുരുമ്മുമ്പോൾ ഉണ്ടാകുന്ന ശബ്ദം ശ്രദ്ധിച്ചുകൊണ്ട്‌ രാമു അങ്ങനെയിരിക്കും. ചിലപ്പോൾ അച്ഛൻ പറയുന്ന ജോലികൾ ചെയ്യണം. ചിരട്ട നനയ്ക്കാൻ ഒരു പാത്രം വെള്ളം കൊണ്ടു വരണം. ചിരട്ടയുടെ പുറത്തു പററിയിരിക്കുന്നമണ്ണും പൊടിയും തുടച്ചു വൃത്തിയാക്കണം. അങ്ങനെ പല പ്രവൃത്തികൾ. മനോഹരമായ കൊച്ചു ഫിഡിലുകൾ ഉണ്ടാക്കാൻ അച്ഛനെ സഹായിക്കുക വളരെ സന്തോഷമായിരുന്നു.

“രാമൂ, മോനങ്ങട്ടു ചെല്ല്‌.”

വിശന്നു തളർന്നിരിക്കുന്ന അവനോ നോക്കി അച്ഛൻ പറയും. അതു കേൾക്കാത്ത താമസം അവൻ പുറപ്പെട്ടുകയായി.

ഇല്ലത്തു ചെന്നാൽ കഞ്ഞി കിട്ടും. ചെറുപയറു പുഴുങ്ങിയതും പപ്പടവും. എന്തൊരു രുചിയായിരുന്നു ഇല്ലത്തെ കുത്തരിക്കഞ്ഞിക്ക്‌! ഒരു പാത്രത്തിൽ കുറെ കഞ്ഞി തന്നയയ്ക്കും. അച്ഛന്റെ വീതം. താൻ തിരികെപ്പുറപ്പെടുമ്പോൾ അമ്മ പതുക്കെപ്പറയും.

“മോനെ കഞ്ഞി തൂവരുത്‌.”

തെക്കിനിയിൽ ഇരിക്കുന്ന വല്യനമ്പൂരിയുടെ മുമ്പിലൂടെ

യാണ് വരുന്നതും പോകുന്നതും. ചിലപ്പോഴെല്ലാം അദ്ദേഹം അവിടെയിരുന്നുകൊണ്ടു വിളിച്ചു ചോദിക്കും.

"ആരു് രാമ്വൊ"

രാമു ഒന്നും മിണ്ടാതെ ഒരു നിമിഷം അവിടെ നിൽക്കും. എന്താണ് മറുപടി പറയേണ്ടതെന്നു് അറിയാതെ.

വല്യ നമ്പൂരിക്കു് വയസ്സായിരുന്നു. കണ്ണുതീരെ കാണാതെ വന്നു. വളരെ ശ്രദ്ധിച്ചെങ്കിലേ ആളെ മനസ്സിലാക്കൂ. അതുകൊണ്ടു് അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെടുക വളരെ അപൂർവ്വമായിരുന്നു. കണ്ടുപോയാൽ എന്തെങ്കിലും ചോദിക്കും. പിന്നെ അനുവാദം കിട്ടാതെ പൊയ്ക്കൂടാ.

കേശുനായരുടെ ഓമനത്തമുള്ള മകനെ ആകെയൊന്നു് ഉഴിഞ്ഞിട്ടു് വല്യനമ്പൂരി പറയും.

"ഉം പൊയ്ക്കോളൂ... പൊയ്ക്കോളൂ."

അവൻ നടന്നു മറയുന്നതുവരെ വലിയ നമ്പൂതിരി അങ്ങനെ നോക്കിയിരിക്കും.

രാമുവിൻെറ നിറം വെളുപ്പാണ്. വെറും വെളുപ്പല്ല ചുവപ്പു കലർന്ന വെളുപ്പ്. ചുരുണ്ട കറുത്ത മുടി. നീണ്ട പുരികങ്ങൾ. അവൻെറ കണ്ണുകൾക്കു് മഷിയെഴുതിയ കറുപ്പുണ്ടു്. ചുവന്ന ചുണ്ടുകൾ. ഈ ഭംഗിയുള്ള രൂപമാണ് അവൻെറ പ്രധാന പ്രത്യേകത. അവൻെറ കവിളത്തു സ്നേഹപൂർവ്വം നുള്ളിക്കൊണ്ടു് ഗണപതി സാറ് അവനെ കൊച്ചുതിരുമേനി എന്നു വിളിച്ചു. എന്നിട്ടു് പൊക്കി തോളിൽ വെച്ചു. അങ്ങനെയാണ് രാമു കൊച്ചു തിരുമേനി ആയതു്. അവൻെറ ശരീരംപോലെ ഓമനത്തമുള്ള പേരു്.

അവൻ അങ്ങോട്ടും, ഇങ്ങോട്ടുമൊക്കെ പോകുമ്പോൾ കുട്ടികൾ അസൂയയോടെ വിളിക്കും.

"കൊച്ചുതിരുമേനി."

അവൻ ഒന്നും മറുപടി പറയുകയില്ല അവർ പരിഹസിക്കയാണെന്നറിയാമെങ്കിലും. തിരിഞ്ഞു നോക്കാതെ നടക്കും.

രാമു ചെല്ലുന്നതു കാത്തിരിക്കയായിരിക്കും അച്ഛൻ. അന്നത്തേക്കാവശ്യമുള്ള ഫിഡിലുകളുടെ പണി ഏകദേശം പൂർത്തിയായിരിക്കും. കൈതനാരു കെട്ടി ചിരട്ടയുക്കും ഈറക്കഷണങ്ങൾക്കും ചായം തേച്ചാൽ മതിയാവും. രാമു ആ ഫിഡിലുകൾ ഓരോന്നും പരിശോധിക്കുമ്പോൾ അച്ഛൻ ആർത്തിയോടെ കഞ്ഞി കുടിക്കയാവും.

ഫിഡിലിൻെറ ബാക്കി പണികൾ വളരെ വേഗം നടക്കും. ഒരൊററ ഇരുപ്പിലിരുന്ന് കേശുനായർ അതെല്ലാം ചെയ്തു തീർക്കും. ആ പണികൾ മാത്രം ശ്രദ്ധിച്ച് രാമു അത്ഭുതത്തോടെ നോക്കിയിരിക്കും. ചിലപ്പോഴെല്ലാം ഒരു ഫിഡിലുണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ട്. അച്ഛൻ നിർദ്ദേശങ്ങൾകൊണ്ട് സഹായിക്കയും ചെയ്യുമായിരുന്നു.

ഉച്ചയുക്ക് അമ്മ ഓടിക്കിതച്ചു വരും. ഒരു വലിയ പാത്രത്തിൽ ചോറും കറികളും ഉണ്ടാകും. വരുന്നതുപോലെ തന്നെ ഓടിക്കിതച്ചു പോകയും ചെയ്യും.

അച്ഛനും രാമുവും ഒന്നിച്ചിരുന്നുണ്ണും. ഊണു കഴിഞ്ഞാൽ അച്ഛൻ പട്ടണത്തിലേക്കു പോകാൻ ഒരുങ്ങും. കൈലിമുണ്ടു മാറി കറുത്ത കരയൻ മുണ്ടുടുക്കും. തോളത്തിടാൻ ഒരു തോർത്തുമുണ്ടാകും. ചായം പുരട്ടിയ ഫിഡിലുകൾ ഒരു സഞ്ചിയിൽ നിറയുക്കും. എന്നിട്ട് തോളിൽ തൂക്കിയിടും. പ്രത്യേകമായുണ്ടാക്കിയ ഒരെണ്ണം കൈയ്യിലെടുക്കും. ആ ഫിഡിൽ വായിച്ചുകൊണ്ടാണു് വഴിനീളെ നടക്കുന്നതു്. അതിൻെറ മനോഹരമായ ശബ്ദം കുട്ടികളെ ആകർഷിക്കുന്നു. പിന്നെ വില്പന തുടങ്ങുകയായി. അച്ഛൻെറ കൈയ്യിലിരിക്കുന്ന ഫിഡിൽ അവസാനമേ വിൽക്കൂ. ചിലപ്പോൾ അതും മററു രണ്ടു മൂന്നെണ്ണവും തിരിച്ചുകൊണ്ടു പോരേണ്ടതായും വരും. അച്ഛൻ ഫിഡിൽ വിററിട്ടു വന്നെങ്കിലേ വൈകിട്ടത്തെ ആഹാരത്തിനു വകയാകുമായിരുന്നുള്ളു.

അച്ഛൻ പുറപ്പെട്ടുകഴിഞ്ഞാൽ രാമുവാണു് വീടു കാക്കുന്നതു്. നാലുമണി ആകുമ്പോഴേക്കു് അമ്മ വരും. അമ്മ നടന്നു വരുന്ന

ഇടവഴിയിലേക്ക നോക്കി അവൻ അങ്ങനെ കാത്തിരിക്കും. ചില പ്പോൾ അമ്മ എന്തെങ്കിലും തിന്നാൻ കൊണ്ടുവരും. ഉണ്ടെങ്കിൽ അവൻ ദൂരെ വെച്ചേ മനസ്സിലാക്കുമായിരുന്നു. അവൻ സന്തോഷം കൊണ്ടു തുള്ളിച്ചാടും. ഓടിച്ചെന്ന് അമ്മയെ കെട്ടി പ്പിടിച്ചു നില്ക്കും. ചിലപ്പോൾ ഒരു പഴമായിരിക്കും കിട്ടുക. മററു ചിലപ്പോൾ ഒരടയോ, വടയോ എന്തെങ്കിലും. എന്തായാലും അവ ന് സന്തോഷമായിരുന്നു. തൽക്കാലം വിശപ്പടക്കാമല്ലോ എന്ന ചിന്തകൊണ്ട്.

മൂന്ന് അംഗങ്ങൾ മാത്രമുള്ള കേശുനായരുടെ കൊച്ചു കുടും ബം അങ്ങനെയാണ് കഴിഞ്ഞുപോന്നത്, മനയ്ക്കലെ വലൃനമ്പൂ തിരിയുടെ കൊച്ചു കാരുണ്യം കൊണ്ട്.

രാമുവിന് പതിനൊന്നു വയസ്സായി. ചിരട്ടയും ഈററക്കഷ ണങ്ങളും കൈതനാരും ചേർത്തുണ്ടാക്കിയ ഒരു മനോഹരമായ കൊച്ചു ഫിഡിൽ കേശുനായർ അവനു കൊടുത്തു. ഫിഡിൽ വായിക്കാൻ പഠിച്ചു. വെളുപ്പിനെ അമ്മ ഉണരുന്നതിനുമുമ്പ് അവൻ പിടഞ്ഞെഴുന്നേല്ക്കും. ദേവിയുടെ ചിത്രത്തിനു മുമ്പിലിരി ക്കുന്ന നിലവിളക്കു കൊളുത്തും. എന്നിട്ട് അമ്മയെയും അച്ഛനെ യും വിളച്ചുണർത്തും. മൂന്നുപേരും ചിത്രത്തിനു മുമ്പിൽ ഇരിക്കും. ഫിഡിൽ ഇടതു കൈയിൽ ചേർത്തുപിടിച്ച് ദേവിയുടെ മിഴി കളിൽ ഉറപ്പിച്ച ദൃഷ്ടികളുമായി അവൻ നടക്കിരിക്കും.

ഫിഡിലിൻെറ തന്ത്രികൾ വലിഞ്ഞു മുറുകുമ്പോൾ മനോഹര മായ പ്രാർത്ഥനാഗാനം ഉയരും. കൊച്ചു കുടിലിൻെറ ഹൃദയത്തിൽ നിന്നുയന്ന് സ്വർഗ്ഗത്തോളം എത്തുന്ന സുന്ദരമായ പ്രാർത്ഥന.

പാട്ടിൻെറ അവസാനഭാഗമെത്തുമ്പോൾ അവൻെറ മുഖം ചുവക്കും. ചുവന്ന ചുണ്ടുകൾ വിറയ്ക്കും. കണ്ണുകൾ നിറയും. നില വിളക്കിൻെറ പ്രകാശമേററു തിളങ്ങുന്ന കവിളിലൂടെ കണ്ണുനീർത്തു ള്ളികൾ ഒഴുകും. ദേവിയുടെ കാരുണ്യം കൊണ്ടാണു ജീവിക്കുന്ന ത്. ഒന്നുമില്ലാത്ത ഒരു കുടുംബത്തെ സുഖമായി കഴിയാൻ സഹാ യിക്കുന്നതു ദേവിയാണ്. അവർ കണ്ണുനീരോടെ എന്നും ദേവി യോടു പ്രാർത്ഥിക്കും.

ISLAM HIGH SCHOOL ... Date...... ERNAKULAM

ഒരു വർഷത്തിനു മുമ്പാണ്. ഗ്രാമത്തിൽ മസൂരി പടന്നു പിടിച്ചു. വളരെ വേഗം. ഒരു വീട്ടിൽ നിന്നു മറെറാരു വീട്ടിലേക്കു്. ഒരാളിൽ നിന്നു് മറെറാരാളിലേക്കു്.

മനയ്ക്കലെ വലിയ നമ്പൂതിരിക്കു മസൂരി വന്നു. ഭയങ്കരമായ ദീനം. അമ്മയ്ക്കു് മനയ്ക്കൽ പോകാൻ പേടി തോന്നി. എന്നാലും പോയി. വീടു പട്ടിണിയാകാതിരിക്കാൻ.

അമ്മ കിടപ്പിലായി. രണ്ടു ദിവസം കഴിഞ്ഞപ്പോഠം അച്ഛനും. രണ്ടുപേക്കും കടുത്ത ദീനമായിരുന്നു.

അമ്മ കിടപ്പിലായപ്പോഠം അച്ഛൻ ശുശ്രൂഷിച്ചു. അച്ഛനു ദീനമായപ്പോഴാണു് ആകെ കുഴപ്പമായതു്. ആരും ശുശ്രൂഷിക്കാനില്ല.

"മോനീ മുറിയിൽ കേറണ്ടാ".

അമ്മ ആദ്യം തന്നെ വിലക്കിയിരുന്നു. അപ്പോഠം അച്ഛൻ ദേവിയുടെ ചിത്രം ഉമ്മറത്തെടുത്തുവെച്ചു. എന്നിട്ടു് "മോനിവിടിരുന്നു പ്രാത്ഥിക്കു്" എന്നുപദേശിച്ചു.

ഒന്നും കഴിക്കാതെപോലും പ്രാത്ഥന നടത്തി. ആദ്യദിവസങ്ങളിൽ കൈ കുഴയുവോളം ഫിഡിൽ വായിച്ചു. "ദേവീ അമ്മയ്ക്കൊരാപത്തും വരുത്തരുതു്", എന്നു് കണ്ണുനീരോടെ പ്രാത്ഥിച്ചു.

രണ്ടാമത്തെ ദിവസം അച്ഛനും കിടപ്പിലായപ്പോഠം മനസ്സിൻെറ ഭാരം ഇരട്ടിച്ചു. മുറിക്കകത്തുനിന്നു മൂളലും ഞരക്കങ്ങളും ഉയരും. അപ്പോഠം ഓടി വാതിൽക്കലോളം ചെല്ലും.

"മോനിങ്ങോട്ടു വരരുതേ"

അമ്മ കൈയെടുത്തു വിലക്കുമ്പോഠം അവിടെ നില്ക്കും. വേദനകൊണ്ടു് ഞരങ്ങുന്ന അച്ഛനെയും അമ്മയെയും മാറിമാറി നോക്കും. എന്നിട്ടു് തിരിഞ്ഞു നടന്നു് ദേവിയുടെ ചിത്രത്തിനു മുമ്പിൽ വന്നിരിക്കും. പിന്നെയും കണ്ണീരൊഴുക്കി പ്രാത്ഥിക്കും.

മനയ്ക്കൽ നിന്നാളുവന്നു. അവിടെ ചെന്നു താമസിക്കാൻ.

രാമു കൂട്ടാക്കിയില്ല. പിന്നെ അച്ഛനെയും അമ്മയെയും ആരാണു നോക്കുക.!

പിറെറ ദിവസം മനയ്ക്കലെ വേലക്കാരൻ ശങ്കരൻ വന്നു. അവനാണു് വലിയ നമ്പൂതിരിയെ ശുശ്രൂഷിക്കുന്നതു്. അച്ഛനെയും അമ്മയെയും അവൻ നോക്കിക്കൊള്ളാമെന്നു് ഏററു.

അവൻ വന്നപ്പോൾ രാമു ദേവിയുടെ ചിത്രത്തിനു മുമ്പിൽ ഇരിക്കുകയായിരുന്നു. രാമുവിനു് ആശ്വാസമായി. സഹായിക്കാൻ ഒരാളു് വന്നിരിക്കുന്നു. ദേവി കടാക്ഷിച്ചു എന്നോർത്തു.

രാമു മനയ്ക്കൽപോയി വല്ലതും കഴിക്കും. അല്പസമയം അവിടെ ചുററിപ്പററി നില്ക്കും. എന്നിട്ടു കുടിലിലേക്കു് ഓട്ടം ഉമ്മറത്തു തൂണും ചാരിയിരിക്കുന്ന ശങ്കരനോടു ചോദിക്കും.

"ശങ്കരാ,ഞാനൊന്നു കേറി നോക്കട്ടെ"

ശങ്കരൻ സമ്മതിക്കില്ല. അവൻ രാമുവിനെ തടഞ്ഞുകൊണ്ടു പറയും.

"കേറണ്ട. പകരുന്ന ദീനാ, അമ്മയ്ക്കും അച്ഛനും കൊറവൊണ്ടു്".

ആ ദീനം ശങ്കരനു മുമ്പു വന്നതാണു്. വളരെ കൂടുതലായിരുന്നത്രെ. എന്നിട്ടും സുഖമായി. ഇനിയുമൊരിക്കലും വരില്ലപോലും.

രാമു ദേവിയുടെ ചിത്രത്തിനു മുമ്പിൽ പോയിരുന്നു. കണ്ണടച്ചു പ്രാർത്ഥിച്ചു.

"ദേവി, അമ്മയ്ക്കും അച്ഛനും വേഗം ദീനം മാറണേ".

ദേവിയുടെ ഇഷ്ടം അങ്ങനെ ആയിരുന്നില്ല.

പന്ത്രണ്ടാമത്തെ ദിവസം അച്ഛൻ മരിച്ചു. അച്ഛന്റെ ശവശരീരം കുഴിച്ചിട്ടതു രാമുവിനെ അറിയിക്കാതെയാണു്. പിന്നെയും ദിവസങ്ങൾ കഴിഞ്ഞിട്ടേ അവൻ അറിഞ്ഞുള്ളു. ദീനം

പൊറുത്തപ്പോഴേക്കും അമ്മയുടെ കണ്ണുകൾക്കു പൂർണ്ണമായും കാഴ്ച നഷ്ടപ്പെട്ടിരുന്നു.

അങ്ങനെയാണ് അവൻ ചുമതലക്കാരനായത്. കണ്ണുകാണാത്ത അമ്മയ്ക്ക് ഒരു ജോലിയും ചെയ്യാൻ കഴിവില്ല. വല്യനമ്പൂതിരി മസൂരിവന്നു മരിച്ചതിനാൽ മനയ്ക്കൽ നിന്നുള്ള സഹായവും ഇല്ലാതായി.

ദേവിയാണ് അവനെ ധൈര്യപ്പെടുത്തിയത്. എങ്ങനെ എങ്കിലും വീടു പുലർത്തണം. ഒരു ബുദ്ധിമുട്ടും അമ്മയെ അറിയിക്കരുത്. അങ്ങനെ തീരുമാനിച്ചുകൊണ്ടാണ് ഒരു ദിവസം രാവിലെ അവൻ അച്ഛന്റെ പണിപ്പുരയിൽ കടന്നത്.

ആദ്യമായി അവൻ ഫിഡിലുണ്ടാക്കി. അച്ഛനുണ്ടാക്കുന്നതുപോലെ ഭംഗിയുള്ളവയല്ലെങ്കിലും മധുരമായി ശബ്ദിക്കുന്ന കൊച്ചു ഫിഡിലുകൾ. കാണാത്ത കണ്ണുകൾ തുറിച്ചുകൊണ്ട് അമ്മ അവനെ ശ്രദ്ധിച്ചിരിക്കുമായിരുന്നു.

"കൊച്ചുതിരുമേനിക്കിപ്പം ഫിഡിലുകച്ചോടാ."

ചില കൂട്ടുകാർ കൊതിയോടും അസൂയയോടും പറയുന്നതു കേൾക്കാം. അവർക്കു രസമാണ്. ഫിഡിലു കച്ചോടക്കാരൻ എന്നപേരു അവരൊരു ബഹുമതിയായി കരുതി. കുടുംബം പുലർത്താനുള്ള ബദ്ധപ്പാടു് രാമുവിനു മാത്രമേ മനസ്സിലായുള്ളൂ.

തിരക്കേറിയ നിരത്തിലൂടെ കൊച്ചുതിരുമേനി കൊച്ചു ഫിഡിലുകളുമായി അങ്ങനെ നടക്കും. അപ്പോഴെല്ലാം അവന്റെ കൈയിലിരിക്കുന്ന ഫിഡിലിൽ നിന്നു് മനോഹരമായ സംഗീതം പരന്നൊഴുകുന്നുണ്ടാകും.

ഫിഡിലു വില്പനക്കാരനായ അച്ഛന്റെ, ഫിഡിലു വില്പനക്കാരനായ മകൻ.

രാമു വീട്ടിൽ നിന്നിറങ്ങുന്നതിനു് മുമ്പു് അമ്മയുടെ കൈപിടിച്ചു് ദേവിയുടെ ചിത്രത്തിനു മുമ്പിൽ കൊണ്ടിരുത്തണം. അവിടെയിരുന്നു പ്രാർത്ഥിക്കുന്ന അമ്മയെ തിരിഞ്ഞു തിരിഞ്ഞു നോക്കി

ക്കൊണ്ടാണ് അവൻ പട്ടണത്തിലേക്ക പോകുന്നത്. തിരിച്ചെത്തുമ്പോഴും അമ്മ അവിടെത്തന്നെ ഇരിക്കുന്നുണ്ടാവും. അമ്മയുടെ കവിളുകളിലൂടെ കണ്ണുനീർച്ചാലുകൾ ഒലിച്ചിറങ്ങിയിരിക്കുന്നത് കാണാമായിരുന്നു.

രാമു എന്ന ഫിഡിൽ വില്പനക്കാരൻ കുട്ടി. അവൻ കൊച്ചുതിരുമേനി എന്ന പേരിലാണ് പ്രസിദ്ധനായത്. ഉച്ചതിരിഞ്ഞു് പട്ടണത്തിലെ തിരക്കേറിയ വീഥിയിലൂടെ പാട്ടും പാടി കടന്നുപോകുന്ന കൊച്ചുതിരുമേനിയെ കൊച്ചുകുട്ടികൾ കാത്തു കാത്തിരുന്നു. അവക്ക് പ്രിയപ്പെട്ട പാട്ടുകാരൻ.

കൊച്ചുതിരുമേനി.<br>
കൊച്ചു ഫിഡിലുകൾ<br>
കൊച്ചു കുട്ടികൾ......

അവനു സന്തോഷമായി. കാഴ്ചയില്ലാത്ത അമ്മയെ അന്തസ്സായി സംരക്ഷിക്കാൻ കഴിയുന്നു. പട്ടണത്തിലൂടെ ഫിഡിലു വിററു നടക്കുമ്പോൾ, ദേവിയുടെ ചിത്രത്തിനു മുമ്പിലിരുന്ന് തനിക്കുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന അമ്മയുടെ ചിത്രം കൊച്ചുതിരുമേനിയുടെ മനസ്സിൽ നിറഞ്ഞു നിൽക്കുമായിരുന്നു.

കൊടുങ്കാററും പെരുമഴയും ഉണ്ടായ ദിവസങ്ങളിൽ വീട്ടിൽ നിന്നു പുറത്തിറങ്ങാൻ കഴിഞ്ഞില്ല. തോരാത്ത മഴയായിരുന്നു. എപ്പോഴും തണുത്ത കാററ് ചൂളം കുത്തിക്കൊണ്ടിരുന്നു.

എല്ലാം തകരാറിലായി. ഒരു നിവൃത്തിയും ഉണ്ടായിരുന്നില്ല. രാമു ആകെത്തളർന്നു. അമ്മയുടെ മുഖത്തു നോക്കുന്നതു പോലും വേദനയായിരുന്നു. ഒരു മൂലയിൽ ക്രനിക്കൂടി ഇരുന്നു കൊണ്ട് അവൻ ഉള്ളുനൊന്തു പ്രാത്ഥിച്ചു.

"ദേവീ, ഈ മഴയൊന്നു തോർന്നെങ്കിൽ."

നദിയിൽ വെള്ളം പൊങ്ങിയതു് ഓർത്തിരിക്കാതെയാണ്. മലവെള്ളപ്പാച്ചിലിൽ അവരുടെ കൊച്ചു കുടിൽ ഒഴുകിപ്പോയി.

എല്ലാം എങ്ങനെ സംഭവിച്ചു എന്ന് അവനറിഞ്ഞുകൂടാ. ആ നശിച്ച രാത്രി വളരെ ഇരുട്ടിയിട്ടാണ് ഉറങ്ങാൻ കിടന്ന

തെന്നു് ഓർമ്മയുണ്ടു്. ദേവിയുടെ ചിത്രത്തിനു മുമ്പിലിരുന്നു് കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന അമ്മയുടെ മുഖത്തുനോക്കി അങ്ങനെ പേടിയോടെ കിടന്നു.

പുറത്തു മഴയായിരുന്നു. കാററു് ചൂളംവിളിച്ചു കൊണ്ടിരുന്നു. പേടിപ്പെടുത്തുന്ന ശക്തിയായ ഇരമ്പൽ.

രാമു ഉറങ്ങിയതറിഞ്ഞില്ല.

ആ രാത്രി കുടിൽ ഒഴുകിപ്പോയത്രെ.

നേരം വെളുത്തപ്പോൾ താൻ കുറെ അപരിചിതരുടെ മദ്ധ്യത്തിലാണെന്നു മാത്രം അവനു മനസ്സിലായി. അക്കൂട്ടത്തിൽ സ്ത്രീകളും പുരുഷന്മാരും കുട്ടികളും എല്ലാമുണ്ടായിരുന്നു.

അമ്മയെവിടെ...?
ഓരോ മുഖവും പരിശോധിച്ചു.
ഓരോരുത്തരോടും ചോദിച്ചു.

അമ്മയെവിടെ......അമ്മയെവിടെ......?

ആരും മറുപടി പറഞ്ഞില്ല. ഉറക്കെ കരഞ്ഞു. അമ്മ എന്നു വിളിച്ചു് ഏങ്ങിയേങ്ങി. അമ്മ അടുത്തെവിടെയെങ്കിലും ഉണ്ടാകുമെന്നു് ചിലർ പറഞ്ഞു.

രാമു അമ്മയെ അന്വേഷിച്ചു നടന്നു. ഉറക്കെ വിളിച്ചു കരഞ്ഞുകൊണ്ടു്. ആൾക്കൂട്ടത്തിനിടയിൽ കടന്നു് ഓരോ മുഖവും പരിശോധിച്ചു. അമ്മയെവിടെയാണു്? പ്രിയപ്പെട്ട അമ്മ.

രാത്രിയും പകലും ഒരുപോലെ അലഞ്ഞു നടന്നു. ഒരു ലക്ഷ്യവും ഇല്ലാതെ ഒന്നും കഴിക്കാതെ.

മരിച്ചു വീഴുമെന്നു് തോന്നിയപ്പോഴാണു് അവിടെ കയറിച്ചെന്നതു്. ഇല്ലെങ്കിൽ മരിച്ചുപോകുമായിരുന്നു. വിശപ്പുകൊണ്ടു്. തണുപ്പുകൊണ്ടു്. പക്ഷെ അതുണ്ടായില്ല. ദേവി രക്ഷിച്ചിരിക്കുന്നു.

രാമുവിൻെറ കഥ അനന്തനെയും ഭാരതിയമ്മയെയും വേദ നിപ്പിച്ചു. തുളുമ്പിവന്ന കണ്ണുനീർ തുടച്ചുകൊണ്ട ഭാരതിയ മ്മയും ഓരോ സംഭവവും കേൾക്കാൻ കഴിഞ്ഞുള്ളു.

അമ്മയെ അന്വേഷിച്ചു കണ്ടുപിടിക്കാമെന്ന് അനന്തൻ അവന് ഉറപ്പുകൊടുത്തു. ഒരു ലക്ഷ്യവുമില്ലാതെ അവൻ അലഞ്ഞു നടക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് ഉപദേശിച്ചു.

ആ നല്ല മനുഷ്യരുടെ സ്നേഹമാണ് രാമുവിനെ അവിടെ പിടിച്ചു നിർത്തിയതു്. അവൻ ഒരു കൊച്ചച്ഛനെ കണ്ടു. ഒരു കൊച്ചമ്മയെയും.

അനന്തൻെറ വീട്ടിൽ ഒരു പുതിയ ഉത്സാഹമുണ്ടായി. അവർക്ക് ഒരു മകനെ കിട്ടിയിരിക്കുന്നു. സുന്ദരനായ മകൻ. പാട്ടു കാരനായ കൊച്ചു തിരുമേനി.

പുള്ളിപ്പശുവിനെ കറക്കാൻ ഓട്ടമൊന്തയുമായി ഭാരതിയമ്മ തൊഴുത്തിലേക്കു പോയി. രാമു കൊച്ചമ്മയോടൊപ്പം ചെന്നു. കിടാവിനെ അഴിച്ചു വിട്ടതു് അവനാണ്. കിടാവിൻെറ കയർ പിടിച്ചുകൊണ്ട് പശുവിനെ കറക്കുന്നതുനോക്കി നിന്നു. ഭാരതി യമ്മയുടെ മുഖത്തു് ഒരു പുതിയ പുഞ്ചിരി ഉണ്ടായിരുന്നു. അത്ഥ മുള്ള പുഞ്ചിരി. അവർക്കു് ഒരു മകനെ കിട്ടിയിരിക്കുന്നു.

അവർ പശുവിനെ കറന്നു കഴിഞ്ഞപ്പോൾ അവൻ കിടാ വിൻെറ കയർ വിട്ടു. പുള്ളിപ്പശുവിൻെറ മുമ്പിൽ വൈയ്ക്കോൽ നീക്കിയിട്ടുകൊടുത്തു. പുള്ളിപ്പശു അപ്പോഴെല്ലാം പുതിയ ആളി നെ മണത്തും നക്കിയും പരിചയപ്പെടുകയായിരുന്നു.

അനന്തനും രാമുവും ഒന്നിച്ചാണ് രാവിലെ കഞ്ഞി കുടി ച്ചതു്. ഭാരതിയമ്മ രണ്ടുപേർക്കും വിളമ്പിക്കൊടുത്തു. രണ്ടുപേരും കഞ്ഞി കുടിക്കുന്നതു അവർ നോക്കി നിന്നു. എന്തൊരു ഒതുക്ക മാണ് രാമുവിന്. ഭംഗിയും സ്വഭാവവും ഒരു അസാധാരണ ബാലൻെറതുതന്നെ. അസ്സൽ കൊച്ചുതിരുമേനി.

കഞ്ഞി കുടിച്ചു കൊണ്ടിരുന്നപ്പോഴാണ് തലപ്പുലയൻ മുററ ത്തു വന്നതു്. അയാളോടൊപ്പം കൊച്ചു മകൾ മീനുവും ഉണ്ടായി രുന്നു. പുതിയ ആളിനെ രണ്ടു പേർക്കും മനസ്സിലായില്ല. കൈകൊ

ണ്ടു് കണ്ണു വട്ടം പിടിച്ചു് കഴുത്തു ചരിച്ചു് തലപ്പുലയൻ രാമു വിനെ നോക്കി. അപ്പോൾ പല്ലില്ലാത്ത കറുത്ത മോണ പുറത്തു കാണാമായിരുന്നു. വലിയച്ഛനോടു ചേർന്നു നിന്നു് മീനു ഏറു കണ്ണിട്ടു അവനെ നോക്കി. ഒരു അത്ഭുത വസ്തുവിനെ എന്ന പോലെ. അനന്തനും ഭാരതിയമ്മയും പുഞ്ചിരി തൂകിനിന്നതേ യുള്ളൂ. തലപ്പുലയൻെറ നോട്ടം കണ്ടുരസിക്കുകയായിരുന്നു രാമു.

"ഈ കൊച്ചമ്പ്രാൻ ഏതാമ്പ്രാ..."

ഒരു പിടിയും കിട്ടാതെ വന്നപ്പോൾ തലപ്പുലയൻ തല ചൊറിഞ്ഞുകൊണ്ടു ചോദിച്ചു. എന്നിട്ടു് പഴയപോലെ നോക്കി നിന്നു.

"എൻെറ മകനാണു്."

അനന്തൻ സന്തോഷത്തോടെ പറഞ്ഞു. തലപ്പുലയനു വി ശ്വാസമായില്ലെന്നു് അയാളുടെ മുഖം വിളിച്ചു പറഞ്ഞു. ചുണ്ടു കൾ കോട്ടി, കണ്ണുകൾ ഇറുക്കി അയാൾ അവിശ്വാസം പ്രകടിപ്പിച്ചു.

"തൻെറ കൊച്ചുമോൾ എൻെറ മകളല്ലേ? അറിയുന്ന കുട്ടി കളുടെയെല്ലാം അമ്മാവനല്ലേ ഞാൻ."

തലപ്പുലയനു് ഇനിയും സംശയമാണു്.

"സംശയിക്കേണ്ട. ഇവൻ എൻെറ മോൻ തന്നെ."

അനന്തൻ രാമുവിനെ തന്നോടുചേർത്തു നിർത്തി അവൻെറ തലയിൽ തലോടി. അപ്പോൾ മീനുവിൻെറ മുഖത്തു ഒരു ചിരി പരന്നു. അവൾക്കു വിശ്വാസമായെന്നു തോന്നും.

ഭാരതിയമ്മ മീനുവിനെ അടുക്കളവശത്തേക്കു വിളിച്ചു. എന്നും രാവിലെ അവൾ കഞ്ഞി കുടിക്കുന്നതു് അവിടെനിന്നാ ണു്. "മോളേ" എന്നു് ഈണത്തിൽ വിളിക്കുന്ന ആ അമ്മയോടു് അവൾക്കു് എന്തൊരു ഇഷ്ടമാണെന്നോ!

അനന്തൻ തലപ്പുലയനെ കൂട്ടിക്കൊണ്ടു് പുരയുടെ വടക്കുവശ ത്തേക്കു പോയി. അവർ അവിടെ നിന്നുകൊണ്ടു് വളരെ നേരം

ഒതുക്കത്തിൽ സംസാരിച്ചു. അപ്പോഴെല്ലാം ഉമ്മറത്തിരുന്ന രാമു തൻെറ കൊച്ചുഫിഡിൽ മാറോടടുക്കിപ്പിടിച്ചുകൊണ്ടു മനോരാജ്യം കാണുകയായിരുന്നു.

"മോനേ..."

ഭാരതിയമ്മയുടെ ശബ്ദം കേട്ടാണ് അവൻ ഞെട്ടി ഉണർന്നതു്. അവരോടു ചേർന്നു നിന്നുകൊണ്ടു് ആ കൊച്ചു പെൺകുട്ടി ചിരിക്കുന്നു വളരെ മുമ്പുതന്നെ പരിചയമുള്ളതുപോലെ. കറുത്തനിറമുള്ള അവളെ കാണാൻ ഭംഗിയുണ്ടു്. അവളുടെ കൊച്ചരിപ്പല്ലുകൾക്കു് നല്ല തിളക്കവും.

"മോൻ മീനുവിൻെറ കൂടെപോയി കളിക്കു്. അവൾ വല്യ പാട്ടുകാരിയാ."

രാമു അത്ഭുതത്തോടെ അവളെ നോക്കി. അവൾ ചിരിച്ചുകൊണ്ടു് അവനെയും.

ഭാരതിയമ്മ തുടർന്നു.

"അവൾ പാടും. മോൻ ഫിഡിലൂതണം കേട്ടോ"

അവർ അടുക്കളയിലേക്കു കയറിപ്പോയി.

അപ്പോൾ അവൻെറ മനസ്സു വളരെ അകലെയുള്ള സ്വന്ത ഗ്രാമത്തിൽ ചുററി നടക്കുകയായിരുന്നു.

മനയ്ക്കൽ ഒരു മീനുവുണ്ടു്. വല്യ നമ്പൂതിരിയുടെ അനിന്തരവൾ. മോളെന്നാണു് എല്ലാവരും വിളിക്കുക. പഴുത്ത ഓറഞ്ചിൻെറ നിറമാണു്. കറുത്തിരുണ്ട ചുരുൾമുടി. ചിരിക്കുമ്പോൾ ചുവന്ന കവിളുകളിൽ നുണക്കുഴികൾ വിരിയും. ചോരയൂറുന്നപോലെ ചുണ്ടുകൾ. നല്ല സുന്ദരിക്കുട്ടി. പക്ഷെ മീനു ഒരിക്കലും തന്നോടു മിണ്ടിയിട്ടില്ല. തന്നെ നോക്കി ഒന്നു ചിരിക്കുകപോലും ചെയ്തിട്ടില്ല. ചിലപ്പോഴെല്ലാം തൂപ്പുകാരിയുടെ ചെക്കൻ എന്നു പറഞ്ഞു് തെക്കിനിയിലേക്കു് ഓടുന്നതു കണ്ടിട്ടുണ്ടു്. അപ്പോൾ തനിക്കു മനസ്സു വേദനിക്കുമായിരുന്നു.

ഇതാ മററൊരു മീനു. അവൾ തന്നെ നോക്കി ചിരിക്കുന്നു. ഒന്നിച്ചു കളിക്കാൻ തയ്യാറായി നില്ക്കുന്നു. അവൾക്കു തന്നോടു വളരെക്കാലത്തെ അടുപ്പമുണ്ടെന്നു തോന്നും, ആ ഭാവം കണ്ടാൽ. നല്ല സ്നേഹമുള്ള കുട്ടി. മനയ്ക്കലെ മീനുവിനും ഇതുപോലെ സ്നേഹമായി പെരുമാറിയാൽ എന്തായിരുന്നു.

"കൊച്ചുതിരുമേനി"

മീനു മന്ത്രിക്കുന്നപോലെ വിളിച്ചപ്പോൾ രാമു തല ഉയർത്തി നോക്കി. അവൾ ചിരിച്ചുകൊണ്ടു നില്ക്കുന്നു. പ്രകാശമുള്ള ചിരി.

അവളെന്തിനാണു തന്നെ കൊച്ചുതിരുമേനി എന്നു വിളിക്കുന്നതു്. തൻെറ പേരു രാമു എന്നല്ലേ? അപ്പോൾ സ്നേഹപൂർവ്വം കവിളിൽ നുള്ളിക്കൊണ്ടു് കൊച്ചുതിരുമേനി എന്നു വിളിച്ച ഗണപതിസാറിനെ ഓർത്തുപോകുന്നു. കൊച്ചുതിരുമേനിയെന്നു് പരിഹസിച്ചു വിളിച്ച കുട്ടികളേയും. ഇപ്പോൾ ഇതാ വീണ്ടും അതോമനപ്പേരായി തീർന്നിരിക്കുന്നു.

അവൻെറ ചുണ്ടിൽ ഒരു ചിരി വിരിഞ്ഞു.

"കൊച്ചുതിരുമേനി കളിക്കാൻ വരുന്നില്ലേ?".

അവൾ പിന്നെയും ചോദിച്ചു.

"വരുന്നു."

ഫിഡിൽ കൈയിലെടുത്തുകൊണ്ടു് രാമു അവളോടൊന്നിച്ചു പുറത്തേക്കു പോയി. തൊഴുത്തിനോടു ചേർന്നു നില്ക്കുന്ന നാട്ടുമാവിൻെറ ചുവട്ടിൽ ഇരുന്നു.

അന്നു് അനന്തൻെറ വീട്ടിൽ മററൊരു വിശേഷം ഉണ്ടായി. ആഹ്ലാദിപ്പിക്കുന്ന മററൊരു സംഭവം.

ഭാരതിയമ്മയുടെ കൊച്ചാങ്ങള പട്ടാളത്തിലായിരുന്നു. അതിർത്തിയുദ്ധത്തിൽ പങ്കെടുത്ത ഒരു ഭടൻ. യുദ്ധം കഴിഞ്ഞതിനു ശേഷം ഭാസ്കരൻ പിള്ളയെപ്പററി ഒരു വിവരവും ഉണ്ടായിരുന്നില്ല. അയാൾ കൊല്ലപ്പെട്ടെന്നും, ശത്രുക്കൾ തടവുകാരനാക്കിയെന്നും പല ഊഹങ്ങൾ നാട്ടിൽ പരന്നു.

കൊച്ചാങ്ങളയെ ഓൎത്തു ഭാരതിയമ്മ ദുഃഖിക്കാത്ത ദിവസങ്ങളില്ല. ഒരു സന്ദർഭം വന്നാൽ അവർ ഭാസ്കരൻ പിള്ളയുടെ രൂപവും സ്വഭാവവും വർണ്ണിക്കും. കൊമ്പൻ മീശക്കാരനായ കൊച്ചാങ്ങളയുടെ വലിയ ചിത്രം ചുവരിലിരിക്കുന്നതു കാട്ടിക്കൊടുക്കും. എന്നിട്ട് അയാളുടെ സ്നേഹകഥകൾ വിവരിച്ച് കണ്ണുനീരൊഴുക്കും.

മരിച്ചെന്നും തിരിച്ചു വരില്ലെന്നുമൊക്കെ കരുതിയിരുന്ന ആ കൊച്ചാങ്ങള ജീവിച്ചിരിക്കുന്നെന്ന് കമ്പി വന്നിരിക്കുന്നു. സുഖമായിരിക്കുന്നെന്ന്. അധികം താമസിക്കാതെ വരുമെന്നും കൂടി കമ്പിയിലുണ്ടെന്ന് അറിഞ്ഞപ്പോൾ ഭാരതിയമ്മ കണ്ണുനീർ തൂകി. അതിരു കടന്ന സന്തോഷത്തിൻെറ കണ്ണുനീർ.

അതൊരു നല്ല ശകുനമായി കരുതി അനന്തൻ. രാമു വന്നു കയറിയ ദിവസമാണ്. ഐശ്വര്യമുള്ള കുട്ടി വന്നു കയറിയപ്പോൾ ഒരു പുതിയ നല്ലകാലം ആരംഭിക്കയാണെന്ന് വിശ്വസിച്ചു.

"എല്ലാം രാമുവിൻെറ ഗുണമാ ഭാരതി. അവനെ ദേവി അയച്ചതാണ്."

അയാൾ അങ്ങനെ പറഞ്ഞപ്പോൾ ഭാരതിയമ്മ മുകളിലേക്കു നോക്കി.

"എൻെറ ദേവി".

അവരുടെ ചുണ്ടുകൾ മന്ത്രിച്ചു.

അപ്പോൾ "വാകുരുവീ വരുകുരുവീ" എന്നു മീനു ഈണത്തിൽ ചൊല്ലുന്നതു കേട്ടു. ഒപ്പം ഫിഡിലിൻെറ മനോഹരമായ ശബ്ദവും.

# 3

"കൊച്ചുതിരുമേനി"

രാമുവിൻെറ പിന്നിൽ നിന്ന കൊണ്ടു് മീന വിളിച്ചു. നാട്ടു മാവിൻെറ പൊന്തി നില്ക്കുന്ന വേരിൽ ഇരിക്കയായിരുന്നു അവൻ. കൊച്ചു ഫിഡിൽ മാറോടടുക്കിപ്പിടിച്ചു് ചിന്തയിൽ മുഴുകി.

തിരിഞ്ഞുനോക്കിയപ്പോൾ അവൾ നിന്നു ചിരിക്കുന്നു. കിലുക്കാംപെട്ടി കിലുങ്ങുമ്പോലെ.

"കൊച്ചുതിരുമേനി പേടിച്ചുപോയി. ല്ല്യോ?

അവൾ പിന്നെയും ചിരിച്ചു കൊണ്ടിരുന്നു.

രാമു മിണ്ടിയില്ല. അവളുടെ ചോദ്യം കേട്ടപ്പോൾ അവന്റെ ചുണ്ടത്തു് ഒരു കൊച്ചു ചിരി പരന്നു.

അവൾ വിളിച്ചപ്പോൾ താൻ പേടിച്ചു പോയെന്നു്. രാമുവിനു പേടി! മീനുവിൻെറ ശുദ്ധഗതി ഓർത്തപ്പോഴാണു് ചിരി വന്നതു്. മണ്ടിപ്പെണ്ണു്. അവൾക്കെന്തറിയാം.

കുറെ ദിവസങ്ങൾ കൊണ്ടു് മീന അവൻെറ ഉററ ചങ്ങാതിയായി. അവൾ അതിരാവിലെ വരും. അപ്പോൾ തലപ്പുലയനും ഉണ്ടാകും. തലപ്പുലയനോടു് രാമുവിനും ഇഷ്ടമാണു്. ആ രൂപവും സംസാരവും ഒക്കെ പ്രത്യേകതയുള്ളതാണു്. പല്ലില്ലാത്ത മോണ കാട്ടിയുള്ള ചിരി ആരെയും ആകർഷിക്കും.

"കൊച്ചുതിരുമേനി എന്താ ചിന്തിക്ക്യ."

അവൾ അവൻെറ ചുമലു് പിടിച്ചുകൊണ്ടു ചോദിച്ചു.

"ഒന്നൂല്ല്യ."

അവൻ മുഖം നോക്കാതെ മറുപടി പറഞ്ഞു.

"എന്നാൽ ഫിഡിൽ വായിച്ചൂടെ".

അവളുടെ കണ്ണുകൾ ആ ഫിഡിലിൻെറ ഭാഗങ്ങളിൽ ചുററി സ്സഞ്ചരിച്ചു. അത്തരം ഒരെണ്ണം തനിക്കുമുണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിച്ചു. എങ്കിൽ താനും ഫിഡിൽ വായിക്കുമായിരുന്നു. രാമു തന്നെ ഫിഡില്യ വായിക്കാൻ പഠിപ്പിക്കാതിരിക്കയില്ല.

"കൊച്ചുതിരുമേനി എന്താ ഒന്നും മിണ്ടാത്തെ"

അവൾ പിന്നെയും ചോദിച്ചു.

പാടത്തെ ചെളിയിൽ ഒച്ചയുണ്ടാക്കിക്കൊണ്ടു സഞ്ചരിക്കുന്ന താറാവുകളെ ശ്രദ്ധിക്കയായിരുന്നു അവൻ. അവ ചെളിവെള്ളത്തിൽ തുള്ളിച്ചാടുന്ന കൊച്ചു മീനുകളെ കൊത്തിപ്പെറുക്കുകയായിരുന്നു.

"മീനൂ നമുക്കാവയലിൻെറ കരയ്ക്കുപോയി നിൽക്കാം".

അതു കേൾക്കാത്ത താമസം. അവൾ മുന്നിലേ‌ാടി. അവൻ പിന്നിൽ സാവധാനത്തിലും.

നോക്കെത്താത്തതുപോലെ പരന്നു കിടക്കുന്ന വയൽ. അങ്ങകലെ ആകാശം വയലിൽ മുട്ടി നില്ക്കുന്നു. നീലിച്ച ആകാശം ഒരു വലിയ കൂടാരം പോലെ തോന്നും.

ഒരു വലിയ കമുകിൽ ചാരി നിന്നുകൊണ്ട് അവൻ ദൂരേക്കു നോക്കി.

"അങ്ങു വയലിനപ്പുറത്തു കടലാ കൊച്ചുതിരുമേനി".

മീനു കൈചൂണ്ടിക്കൊണ്ടു പറഞ്ഞു.

"കൊച്ചുതിരുമേനി കടല് കണ്ടിട്ടുണ്ടോ?"

"ഇല്ല. മീനു കണ്ടിട്ടുണ്ടോ"?

"ഇല്ല. ഞാനും കണ്ടിട്ടില്ല."

വലിയ തിരയിളകുന്ന കടലിനെപ്പററി അവർ കൊച്ചു സങ്കല്പങ്ങൾ നെയ്തു.

"കടലിലേ, ആനയോളം വലിപ്പമുള്ള മീനുണ്ട്".

അവൾ പറഞ്ഞു. അപ്പോൾ അവളുടെ മുഖത്തു് ആനയോളം വലിപ്പമുള്ള മീനിനെ കണ്ട ഭാവം ഉണ്ടായിരുന്നു.

"അവ മനുഷ്യനെ ജീവനോടെ വിഴുങ്ങും."

രാമു പറഞ്ഞതു കേട്ടപ്പോൾ അവൾ ഞെട്ടുന്നതുപോലെ തോന്നി.

MUNAWWIRUL ISLAM HIGH SCHOOL
Date.............
ERNAKULAM.

"ഓ. പെണ്ണു പേടിച്ചുപോയി."

അവനു ചിരി പൊട്ടി.

"ഇല്ല ഞാൻ പേടിച്ചൊന്നുമില്ല."

അവൾ തിരിച്ചടിച്ചു. എന്നിട്ടു പിണങ്ങിയപോലെ തിരിഞ്ഞുനിന്നു. അപ്പോൾ രാമുവിനു വേദന തോന്നി. അങ്ങനെ പറയേണ്ടിയിരുന്നില്ലെന്നും.

അവൻ ഫിഡിലെടുത്തു. ഇടതു കൈയിൽ ചേർത്തു പിടിച്ചു അതിന്റെ തന്ത്രികളിൽ മുട്ടി. ശബ്ദം മുഴങ്ങി. എങ്കിലും അവൾ തിരിഞ്ഞു നോക്കിയില്ല.

ഒരു ഗാനം ഉയർന്നു തുടങ്ങി. അതിന്റെ മാറ്റൊലി അന്തരീക്ഷത്തിൽ ഉയർന്നു. "വാകരുവീ..." എന്ന മീനുവിന്റെ ഗാനം. അവൾ തിരിഞ്ഞു നിന്നപ്പോൾ, മുഖം സന്തോഷം കൊണ്ടു വികസിച്ചിരുന്നു.

"മീനു, കൊച്ചുതിരുമേനിയോടു പിണക്കമോ"

ഫിഡിൽ മാറത്തടുക്കിപ്പിടിച്ചുകൊണ്ടു അവൻ ചോദിച്ചു.

"ഇല്ല ഞാൻ പിണങ്ങില്ല. കൊച്ചുതിരുമേനി എന്നെ ഫിഡിലുവായിക്കാൻ പഠിപ്പിച്ചു തരുമോ."

ചോദിച്ചിട്ട്, അവൾ അവന്റെ മുഖത്തേക്കുതന്നെ സൂക്ഷിച്ചുനോക്കി.

"പഠിപ്പിച്ച് തരാം മീനു."

അവൻ ഉറച്ച സ്വരത്തിൽ പറഞ്ഞു.

"നമുക്കൊരു പണിപ്പുരയുണ്ടാക്കണം."

"എന്തു പണിപ്പുര?"

അവൾക്കതു മനസ്സിലായില്ല.

"ഫിഡിലുണ്ടാക്കുന്ന പണിപ്പുര."

അവൻ വിശദീകരിച്ചു.

എല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ മീനുവിന് കൊച്ചുതിരു മേനിയോടു ബഹുമാനം വർദ്ധിച്ചു. ഫിഡില് വായിക്കാൻ മാത്രമല്ല, ഫിഡിലുണ്ടാക്കാനും അറിയാവുന്ന കൊച്ചുതിരുമേനി. ഓ... പണിപ്പുരയുണ്ടായിരുന്നെങ്കിൽ. ഉണ്ടായിരുന്നെങ്കിൽ! അവൾ കൊതിയോടെ ചിന്തിച്ചു.

ചായം തേച്ച കൊച്ചു ഫിഡിലുകൾ നിരന്നിരിക്കുന്ന ആ കൊച്ചു പണിപ്പുര അവൾ മനസ്സിൽ സങ്കല്പിച്ചു. എത്ര ഭംഗി യായിരിക്കും! മിനുസപ്പെടുത്തിയ കൊച്ചു ചിരട്ടകൾ അങ്ങനെ കുന്നുകൂടിക്കിടക്കും. ഈറക്കഷണങ്ങളും കൈതനാരുകളും ഒരു പാട്. കൊച്ചുഫിഡിലുകളുടെ നടുക്കിരിക്കുന്ന കൊച്ചുതിരുമേനി അങ്ങനെ ഫിഡിൽ വായിച്ചുകൊണ്ടിരിക്കും. കുട്ടികളുടെ തിര ക്കായിരിക്കും അവിടെ. അവരെല്ലാം കൊച്ചു ഫിഡിലുകൾ വാങ്ങിക്കും.

"കൊച്ചുതിരുമേനി, നമുക്കു പണിപ്പുര വേണം".

അവൾ ഉത്സാഹത്തോടെ പറഞ്ഞു.

"വേണം മീനു. പണിപ്പുരയില്ലാതെ എനിക്കു കഴിഞ്ഞുകൂടാൻ വയ്യാ."

അപ്പോൾ അച്ഛനെയും അച്ഛന്റെ പണിപ്പുരയേയും പററി ഓർത്തു. കാഴ്ചയില്ലാത്ത അമ്മയെ പുലർത്താൻ താൻ കൊച്ചു ഫിഡിലുകൾ ഉണ്ടാക്കി വിൽക്കാൻ നടന്നതും. രാമുവിന് കണ്ണു നിറഞ്ഞുപോയി.

"അമ്മാ, കണ്ണു കാണാത്തോർക്കു വല്ലോം തരണേ."

ദീനസ്വരത്തിൽ ആരോ വിളിച്ചു കരയുന്നതു കേട്ടു.

രാമു ചെവി വട്ടം പിടിച്ചു. ആരാണ്? ആരുടെ ശബ്ദ മാണു കേൾക്കുന്നതു്?

"അമ്മാ കണ്ണു കാണാത്തോർക്ക്......"

വീണ്ടും ശബ്ദം.

അവൻ ഫ്ലിഡിൽ കൈയിലെടുത്തു. മാറോടു ചേർത്തു പിടിച്ചു. മീനുവിനെ ഒന്നുനോക്കി പോലുമില്ല. ഒരൊററയോട്ടം. മീനു കൊച്ചുതിരുമേനീ...... എന്നു നീട്ടിനീട്ടി വിളിച്ചു. അവൻ അതു കേട്ടതയില്ലെന്നു തോന്നും.

വഴിയിൽ ചെന്നാണ് ശ്വാസം വിട്ടതു്. അല്പം അകലെ ക്കൂടി ഒരു അന്ധയായ വൃദ്ധ വടികൊണ്ട് തടഞ്ഞു തടഞ്ഞു് നട ന്നുപോകുന്നു.

"അമ്മാ കണ്ണു കാണാത്തോർക്ക്..."

വീണ്ടും അവരുടെ ദയനീയ സ്വരം.

അവൻെറ ഹൃദയം നൊന്തു. ഹൃദയമിടിപ്പുകൾ സ്വന്തം ചെവികൊണ്ട് കേൾക്കാമായിരുന്നു. അവൻ അവരെ ദൂരെ നിന്നു ശ്രദ്ധിച്ചു.

അവർ കീറിനാറിയ വസ്ത്രം ധരിച്ചിരിക്കുന്നു. അതാരാണ്? ഒരു പക്ഷെ തൻെറ അമ്മയാണെങ്കിൽ...... അവൻ ഞെട്ടി പ്പോയി.

വീണ്ടും ഓടി. ആ സ്ത്രീയുടെ മുമ്പിൽ ചെന്നു. അവരെ സൂക്ഷിച്ചുനോക്കി: അവരുടെ മുഖത്തു് മസൂരിക്കലകളുണ്ടോ എന്ന്. അതു തൻെറ അമ്മയാണോയെന്ന്.

അല്ലെന്നു മനസ്സിലായപ്പോൾ അവനു നിരാശ തോന്നി.

ഓ... തൻെറ അമ്മയെ ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ... മനസ്സു തളർന്നു. തകർന്ന പ്രതീക്ഷയുമായി അവൻ തിരിഞ്ഞു നടന്നു.

"അമ്മാ.കണ്ണു കാണാത്തോർക്ക്..." അവരുടെ ദീനസ്വരം വീണ്ടും ഉയർന്നു. അപ്പോൾ അതുപോലെ മറെറാരു രൂപവും ശബ്ദവും അവൻെറ മനസ്സിൽ നിറഞ്ഞു നിന്നു. അവൻെറ പ്രിയ പ്പെട്ട അമ്മയുടെ രൂപം.

മീനുവും ഭാരതിയമ്മയും അവനെ കാത്തു് നിൽക്കുകയായിരുന്നു. അവർക്കൊന്നും മനസ്സിലായില്ല. അവനെന്തിനാണു് ഓടിയതു്? തൊട്ടടുത്തു നിന്ന മീനുവിനെ ഒന്നു തിരിഞ്ഞുപോലും നോക്കാതെ. അവൾ വിളിച്ചിട്ടു കേട്ടതായി ഭാവിക്കാതെ. ആരെ കാണാനായിരുന്നു?

ഇപ്പോൾ അവൻെറ മുഖത്തു വേദന നിഴലിച്ചിരിക്കുന്നു. അവൻ വേദനിക്കുന്നതു എന്തിനാണു്?

ഭാരതിയമ്മ അവൻെറ രണ്ടു ചുമലും പിടിച്ചുകൊണ്ടു കുനിഞ്ഞുനിന്നു ചോദിച്ചു.

"മോനെന്തിനാ ഓടിയെ. ആരെക്കാണാനാ..."

ഉത്തരം ഒരു പൊട്ടിക്കരച്ചിലായിരുന്നു. അവൻ രണ്ടു കൈകൊണ്ടും മുഖം പൊത്തി ഏങ്ങിയേങ്ങിക്കരഞ്ഞു. മീനുവും ഭാരതിയമ്മയും അന്തം വിട്ടു നിന്നുപോയി.

രാമു കിടക്കയിൽ ചെന്നു വീണു. തലയിണയിൽ മുഖം ചേർത്തു അവൻ കരയുകയാണു്. അവനോടു് എന്തെങ്കിലും ചോദിക്കാൻ ഭാരതിയമ്മയ്ക്കു് ധൈര്യം വന്നില്ല.

വളരെക്കഴിഞ്ഞിട്ടാണു് അനന്തൻ വന്നതു്. അയാളുടെ കൈയിൽ ഒരു പൊതിയുണ്ടായിരുന്നു. ഭാരതിയമ്മ അതഴിച്ചു. രാമുവിനു് ട്രൌസറും കുപ്പായവുമാണു്. നല്ല ഒന്നാന്തരം തുണികൊണ്ടുള്ള കുപ്പായങ്ങൾ. അതിൻെറ ഭംഗി നോക്കുന്നതിനിടയിൽ ഭാരതിയമ്മ അയാളോടു വിവരം പറഞ്ഞു.

അനന്തൻ മുറിയിലേക്കു ചെന്നു. അയാൾ കയറിവരുന്നതു കണ്ടപ്പോൾ രാമു പിടഞ്ഞെഴുന്നേററു. ചുവന്നു കലങ്ങിയിരിക്കുന്ന അവൻെറ കണ്ണുകൾ. അവൻെറ മിനുത്ത കവിളുകളിൽ പററിയിരിക്കുന്ന കണ്ണുനീർ തുടച്ചുകൊണ്ടു് അയാളവനെ മോനേയെന്നു വിളിച്ചു. മടിയിൽ പിടിച്ചിരുത്തി. സ്നേഹപൂർവ്വം വിവരം ചോദിച്ചു.

അവൻ ഉണ്ടായതെല്ലാം പറഞ്ഞു. കഥ കേട്ടപ്പോൾ ഭാരതി

യമ്മയ്ക്കു ദുഃഖം തോന്നി. അനന്തൻ നെടുവീർപ്പിട്ടുകൊണ്ടു് എഴു ന്നേററു.

രാമുവിൻെറ അമ്മയെ അന്വേഷിച്ചു് പല സ്ഥലത്തും നടന്നു. ഇപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. മററു പലരോടും ഇക്കാര്യം പറഞ്ഞിട്ടുണ്ടു്. പക്ഷെ അവൻ പറയുന്നമാതിരി ഒരാ ളിനെ ആരും കാണുകയുണ്ടായില്ല.

അവർ വെള്ളത്തിൽപ്പെട്ടു മരിച്ചിരിക്കുമെന്നാണു് അന ന്തൻെറ സംശയം. കാഴ്ചയില്ലാതിരുന്ന അവർക്കു് അങ്ങനെ യൊരു അപകടം വരാൻ എളുപ്പമുണ്ടു്. പക്ഷേ അതെങ്ങനെ യാണു് അവനോടു പറയുക. അവൻ കൊച്ചു ചെറുക്കനല്ലേ? അനന്തനും ഭാരതിയമ്മയും പലതും പറഞ്ഞു് അവനെ ആശ്വ സിപ്പിക്കാൻ ശ്രമിച്ചു.

ഭാരതിയമ്മ അവനെ കുളിപ്പിച്ചു. പുതിയ ട്രൌസറും കുപ്പായവും ധരിപ്പിച്ചു. അനന്തൻ അവൻെറ കൈയ്ക്കു് പിടിച്ചു കൊണ്ടു പുറത്തേക്കിറങ്ങി. അപ്പോഴും ഇടം കൈയിലൊതുക്കിയ കൊച്ചുഫിഡിൽ അവൻ മാറോടു ചേർത്തു പിടിച്ചിരുന്നു.

അവർ നടന്നു പോകുന്നതും നോക്കി ഭാരതിയമ്മ നിശ്ചല യായി നിന്നു. രാമു എത്ര സുന്ദരനായിരിക്കുന്നു. അവർ മനസ്സിൽ പറഞ്ഞു. പാട്ടുകാരനായ കൊച്ചു തിരുമേനി!

അനന്തനെ കണ്ടപ്പോൾ കോളനിയിലുള്ളവർ വണങ്ങി നിന്നു. കൊച്ചു ഫിഡിലുമായി കൊച്ചുതിരുമേനിയെ കണ്ടപ്പോൾ കൊച്ചുകുട്ടികൾ കൂട്ടമായി വന്നു. ഓടിവന്ന മീനു എത്തിനിന്നു് രാമുവിൻെറ ചെവിയിൽ എന്തോ മന്ത്രിച്ചു.

എല്ലാവർക്കും പാട്ടു കേൾക്കണം. കൊച്ചുതിരുമേനിയുടെ മനോഹരമായ പാട്ടു്.

രാമുവിന്റെ കൊച്ചു ഫിഡിൽ ഇടം കൈയിൽ അമർന്നു. അതിൽ നിന്നു് നേരിയ സ്വരങ്ങൾ ഉയർന്നു. ഒരു ഗാനം ആരം ഭിക്കയായിരുന്നു. അച്ഛൻ ആദ്യമായി പഠിപ്പിച്ച ഗാനം. അതു

പാട്ടമ്പോഠം അച്ഛന്റെ കണ്ണുകഠം നിറയുമായിരുന്നു. അതിൽ ഭക്തിയുണ്ട്. ദുഃഖവും.

ശോകമധുരമായ ആ ഗാനം ഉയർന്നു പരന്നു. കോളനിയിലുള്ളവരെല്ലാം അവിടെ കൂടിയിട്ടുണ്ട്. സൂചി വീണാൽ കേഠംക്കുന്ന നിശ്ശബ്ദത.

അത്ഭുതമാണ് അവരുടെ കണ്ണുകളിൽ. പ്രായം ചെന്നവർ വായും പിളർന്നു നിൽക്കുന്നു. ചെറുപ്പക്കാർ പരസ്പരം നോക്കി. കുട്ടികഠം കൊച്ചുതിരുമേനിയുടെ മുഖത്തു നിന്ന് കണ്ണു പറിച്ചില്ല. അനന്തൻ എല്ലാം ശ്രദ്ധിച്ചു നിന്ന് പുഞ്ചിരി തൂകുകയായിരുന്നു.

"തമ്പ്രാ"......

ഉറക്കെ വിളിച്ചുകൊണ്ട് തലപ്പുലയൻ ഓടി വരികയാണ്. അയാഠം ആകെയൊന്ന് ഇളകിയ മട്ടുണ്ട്.

ഗാനം നിലച്ചു.

എല്ലാവരും തലപ്പുലയനെ ശ്രദ്ധിച്ചു. അയാഠം ഓടി വന്ന് അനന്തൻെറ മുമ്പിൽ നിന്നു. ആ മനുഷ്യൻ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. ചുവന്നു കലങ്ങിയ കണ്ണുകളിൽ കണ്ണുനീരു് ഇററി നിൽക്കുന്നു.

"തമ്പ്രാ......"

അയാഠം കിതപ്പോടെ വിളിച്ചു.

"എന്തുണ്ടായി?"

അനന്തൻ തിടുക്കത്തോടെ ചോദിച്ചു.

മറുപടി ഒരടക്കം പറച്ചിലായിരുന്നു. ഒരു നിമിഷത്തെ അടക്കിയുള്ള സംസാരം. അപ്പോഠം അനന്തൻെറ മുഖം വിളറുന്നതു കണ്ടു. അയാളുടെ കണ്ണുകഠം തിളങ്ങുന്നതും.

അനന്തൻ മുമ്പേ നടന്നു. തൊട്ടുപിന്നിൽ തലപ്പുലയൻ. രണ്ടുപേരെയും ശ്രദ്ധിച്ചുകൊണ്ട് രാമു.

എന്തോ കുഴപ്പം ഉണ്ടായിരിക്കുന്നു എന്നു രാമുവിനു തോന്നി. എന്തു കുഴപ്പമാണ്? അവർ രണ്ടാളും ഒന്നും സംസാരിക്കുന്നുമില്ല.

തുരുവിൻെറ ചുവട്ടിൽ എത്തിയപ്പോൾ ആരോ ഏങ്ങിക്കരയുന്ന ശബ്ദം കേട്ടു. മുററത്ത് ധാരാളം ആളുകൾ കൂട്ടം കൂടി നില്ക്കുന്നു. ആരാണു കരയുന്നത്? ഒരു നിമിഷം അവൻ തരിച്ചു നിന്നുപോയി.

കൊച്ചമ്മയുടെ കരച്ചിലാണു കേൾക്കുന്നത്. അവൻ ഒരൊററയോട്ടം വെച്ചുകൊടുത്തു. ഉമ്മറത്തു ചെന്നു കയറി.

ഉമ്മറത്തിൻെറ വടക്കേ അരമതില് ചേർത്തു വെച്ചിരിക്കുന്ന കട്ടിലിൽ ഒരു പുതിയ മനുഷ്യനിരിക്കുന്നു. അയാളുടെ ചുമലിൽ തല ചായ്ച്ചാണ് കൊച്ചമ്മ കരയുന്നത്.

കൊമ്പൻ മീശക്കാരനായ ആ പുതിയ മനുഷ്യനെ രാമുവിനു മനസ്സിലായില്ല. അവൻ അയാളുടെ മുഖത്തു തന്നെ ശ്രദ്ധിച്ചു. ചുരുണ്ട മുടി ചെമ്പിച്ചതാണ്. എണ്ണ പുരട്ടിയിട്ട് വളരെ ദിവസങ്ങളായിരിക്കുന്നു. കരുത്തു തടിച്ച പുരികങ്ങൾ. തിളങ്ങുന്ന വലിയ കണ്ണുകൾ. നീണ്ട മൂക്ക്. ആ വെളുത്ത മുഖം കാണാൻ നല്ല ചന്തമുണ്ട്. നല്ല കൊമ്പൻ മീശയും.

കൊമ്പൻ മീശയുടെ കാര്യം ഓർത്തപ്പോൾ അവൻ കൊച്ചമ്മയുടെ കൊച്ചാങ്ങളയെപ്പററിയോർത്തു. കൊച്ചമ്മ എപ്പോഴും പറയാറുള്ള കൊച്ചാങ്ങള. പെട്ടെന്ന് രാമുവിൻെറ കണ്ണുകൾ നിരയിൽ തൂക്കിയിരിക്കുന്ന ഫോട്ടോവിൽ പതിഞ്ഞു. ഫോട്ടോവിൽ നിന്ന് പുതിയ മനുഷ്യൻെറ മുഖത്തേക്കും. അങ്ങനെ മാറി മാറി.

അതെ, കൊച്ചമ്മയുടെ സ്നേഹമുള്ള കൊച്ചാങ്ങള തന്നെ!

അനന്തൻ വന്നു കയറി. തലപ്പുലയൻ മുററത്തു നിന്നതേയുള്ളൂ. അപ്പോൾ ഭാരതിയമ്മ ഉറക്കെത്തേങ്ങി.

"എന്തു പററി. കുഞ്ഞേ?"

വിങ്ങിപ്പൊട്ടുന്നതുപോലെ ചോദിച്ചിട്ട് അനന്തൻ ഭാസ്കരൻ പിള്ളയെ കെട്ടിപ്പിടിച്ചു ചുംബിച്ചു.

"ഒന്നുമില്ല. ഞാൻ ജീവനോടെ തിരിച്ചെത്തിയില്ലേ? പിന്നെന്തിന്ന വിഷമിക്കണം".

ഭാസ്കരൻപിള്ള ഉറച്ച സ്വരത്തിൽ പറഞ്ഞു. അയാളുടെ ചുണ്ടുകളിൽ ഒരു പുഞ്ചിരി പരന്നിരുന്നു.

ചുവന്നു കലങ്ങിയ കണ്ണുകളും കരഞ്ഞു വീർത്ത മുഖവുമായി ഭാരതിയമ്മ എഴുന്നേററ് അകത്തേക്കു പോയി. ഉറക്കെക്കരയാതിരിക്കാൻ വേണ്ടിയാവണം അവർ തോർത്തുമുണ്ടിൻെറ അററം കടിച്ചു പിടിച്ചിരുന്നതു്.

അപ്പോളാണ രാമു ഭാസ്കരൻപിള്ളയെ ശരിക്കും കണ്ടതു്. അവൻ ഞെട്ടിപ്പോയി. നിമിഷങ്ങളോളം സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. കൊച്ചമ്മയുടെ സ്നേഹമുള്ളവനായ കൊച്ചാങ്ങളയ്ക്കു് ഇടതുകാലും ഇടതുകൈയും നഷ്ടപ്പെട്ടിരിക്കുന്നു. മുറിഞ്ഞു തൂങ്ങുന്ന ഇടതുകാലും കൈയും: കൈയ്മുട്ടിന്ന താഴെയുള്ള ഭാഗങ്ങളില്ല. കാല്യ് തുടയുടെ പകുതി മുതലും. പകുതി ഇല്ലാത്ത ഇടതു കൈ തലോടിക്കൊണ്ടു് വലതു വശത്തിരിക്കുന്ന അനന്തനെ നോക്കി ഭാസ്കരൻപിള്ള ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഒന്നുമില്ല. കൈയും കാലും നഷ്ടപ്പെട്ടതിൽ എനിക്കു ദുഃഖമില്ല. രാജ്യത്തിനുവേണ്ടി മരിക്കാൻ കഴിഞ്ഞില്ലല്ലോ എന്ന ദുഃഖം മാത്രം."

അനന്തനെ താങ്ങി അയാൾ എഴുന്നേൽക്കാൻ ഭാവിച്ചു. അയാൾ തടഞ്ഞെങ്കിലും അനന്തൻ അയാളെ താങ്ങി എഴുന്നേൽപ്പിച്ചു. ഊന്നുവടികളുടെ സഹായത്തോടെ ഭംഗിയായി നടക്കാൻ സാധിക്കുന്നു. രാമുവിന്ന വേദന തോന്നി. ഭാസ്കരൻപിള്ള പറഞ്ഞതൊന്നും അവന്ന മനസ്സിലായില്ലെങ്കിലും, അയാളെപ്പററി അവൻെറ മനസ്സിൽ ഒരു പ്രത്യേക മതിപ്പുണ്ടായി. മററാരോടും തോന്നിയിട്ടില്ലാത്ത ബഹുമാനവും, സ്നേഹവും.

പതിവുപോലെ, രാമു മുല്ലത്തറയിലിരുന്നു പൂവിറുക്കുകയാണു്. മാലകോർത്തു ദേവിയുടെ ചിത്രത്തിൽ ചാർത്താൻ. ആ മുല്ലയോടു് അവന്ന സ്നേഹമാണു്. പടർന്നു പടർന്നുകിടക്കുന്ന മുല്ല.

അതിൽ ധാരാളം പൂക്കളുണ്ടാവും. നല്ല വാസനയുള്ള പൂക്കൾ. അവൻ അതടർത്തിയെടുത്തു മാല കോർക്കുന്നു. സന്ധ്യാസമയത്തെ പ്രാർത്ഥനയ്ക്കു മുമ്പ് ദേവിയുടെ ചിത്രത്തിൽ ചാർത്താൻ.

അപ്പോൾ കൊച്ചമ്മ രാമുവിനെ, കൊച്ചാങ്ങളയ്ക്കു പരിചയപ്പെടുത്തുകയായിരുന്നു. അവൻ വന്നു കയറിയ രാത്രിമുതൽ ഇതുവരെയുള്ള കഥകൾ. അവർ അവനെപ്പററി വാത്സല്യത്തോടെ സംസാരിക്കുന്നു. രാമു മുല്ലത്തറയിലിരുന്നു എല്ലാം കേൾക്കുകയായിരുന്നു.

അന്നു സന്ധ്യാസമയത്തെ പ്രാർത്ഥനയ്ക്കു ഭാസ്കരൻപിള്ളയും ഉണ്ടായിരുന്നു. കൊച്ചു ഫിഡിൽ ഇടംകൈയിൽ ചേർത്തു പിടിച്ച്, ദേവിയുടെ കണ്ണുകളിൽ നോട്ടമുറപ്പിച്ച് കീർത്തനം പാടുന്ന രാമുവിൻെറ മുഖത്തു നിന്നു കണ്ണെടുക്കാൻ കഴിഞ്ഞില്ല അയാൾക്ക്.

എല്ലാവരും ഒരുമിച്ചിരുന്നാണ് അത്താഴം കഴിച്ചതു്. ഇടയ്ക്കിടയ്ക്കു രാമു ഭാസ്കരൻപിള്ളയെ ഏറുകണ്ണിട്ടു നോക്കി. അപ്പോൾ അയാൾ അവനെത്തന്നെ നോക്കിയിരിക്കുന്നതു കാണും. അവൻ പെട്ടെന്നു നോട്ടം തിരിച്ചു കളയും.

ഊണുകഴിഞ്ഞു് ഭാസ്കരൻപിള്ള അവിടെത്തന്നെ ഇരുന്നുകൊണ്ടു കൈയും മുഖവും കഴുകി. അയാളെ താങ്ങി കട്ടിലിൽ കിടത്തിയതു് അനന്തനാണ്. അതെല്ലാം നോക്കി രാമു അകലെ മാറി നില്ക്കുകയായിരുന്നു.

"രാമൂ"

വലതു കൈയിൽ തല താങ്ങി ഉയർത്തിക്കൊണ്ടു ഭാസ്കരൻപിള്ള വിളിച്ചു.

"എന്തോ"

അറിയാതെ ആ ശബ്ദം പുറപ്പെട്ടതുപോലെ രാമുവിനു തോന്നി.

"ഇങ്ങു വരൂ."

അദ്ദേഹം വിളിച്ചു.

അവൻ അടുത്തുചെന്നു.

"ഇവിടെ ഇരിക്കു".

അല്പം ഒതുങ്ങിക്കിടന്നിട്ടു് അയാൾ അവനു സ്ഥലംകൊടുത്തു.

"നീയെന്നെ അറിയുമോ"

"അറിയും."

അവൻ അദ്ദേഹത്തിൻെറ മുഖത്തുനോക്കി.

"നീയെന്നെ എന്തു വിളിക്കും."

"കൊച്ചമ്മാവൻ"?

നേരത്തെ മനസ്സിൽ തീരുമാനിച്ചു വെച്ചിരുന്ന പേരു് അവൻ പെട്ടെന്നു പറഞ്ഞു. എന്നിട്ടു് അതേ പേരു മനസ്സിൽ ആവർത്തിച്ചു.

"കൊച്ചമ്മാവൻ".

അനന്തനും ഭാരതിയമ്മയും വന്നു. അനന്തൻ കസേര വലിച്ചിട്ടു് ഭാസ്കരൻപിള്ളയുടെ അടുക്കലിരുന്നു. ഭാരതിയമ്മ തൊട്ടടുത്തുള്ള വാതിൽപ്പടി മേലും.

ഭാസ്കരൻപിള്ള ആ കഥ പറഞ്ഞു. തൻെറ കൈയും കാലും നഷ്ടപ്പെട്ട ദുഃഖ കഥ.

നക്ഷത്രങ്ങളെ തൊട്ടുരുമ്മുന്ന ഹിമാലയത്തിൻെറ താഴ്വരകളിൽ വെച്ചാണു് അതു സംഭവിച്ചതു്. അതിർത്തി കാത്തുകൊണ്ടു് ഇന്ത്യൻ പട്ടാളം കാവൽപ്പാളയങ്ങളിൽ സ്ഥാനമുറപ്പിച്ചിരുന്നു.

കൊടും തണുപ്പാണു് എല്ലുതുളച്ചു കയറുന്ന തണുത്തകാററു് ചൂളം വിളിച്ചുകൊണ്ടിരിക്കും.

ഭാസ്കരൻപിള്ളയുൾപ്പടെ ഇരുപതുപേരുണ്ടായിരുന്ന ഒരു സംഘത്തിൽ. അതിർത്തിയിലെ ചലനങ്ങൾ ശ്രദ്ധിച്ചുകൊണ്ട് അഞ്ചുപേർ എപ്പോഴും കാവൽ നില്ക്കുന്നുണ്ടാവും. അവരുടെ ശ്രദ്ധ എപ്പോഴും അകലെയായിരിക്കും. എപ്പോഴാണ് ശത്രുക്കളുടെ ആക്രമണം ഉണ്ടാകുന്നതെന്ന് അറിയില്ല. അല്പം അശ്രദ്ധയ്ക്കു എന്തുമാത്രം അപകടങ്ങൾ ഉണ്ടാക്കാൻ കഴിയും.

നോക്കെത്തുന്നിടത്തു വേറെയും ബാരക്കുകളുണ്ട്. പട്ടാളക്കാർ താമസിക്കുന്ന തൽക്കാല സ്ഥലങ്ങൾ. എല്ലാവരും അങ്ങനെ ഉഷാറായി നിൽക്കുകയാണ്. ഏതവസരത്തിലും എന്തും പ്രതീക്ഷിച്ചുകൊണ്ട്. എന്തും നേരിടാൻ തയാറായിക്കൊണ്ട്. സ്വന്തനാടിനു വേണ്ടി ജീവൻ നൽകാൻ തയ്യാറുള്ള ധീരന്മാരായ പോരാളികൾ!

അവർക്ക് സ്വന്തകാര്യങ്ങളെപ്പററി ചിന്തയില്ല. രാജ്യത്തിനുവേണ്ടി ഉഴിഞ്ഞുവെച്ച ജീവിതങ്ങളാണ്, അപകടം സൂചിപ്പിക്കുന്ന ഒരനക്കം കേട്ടാൽ മതി തോക്കിൻെറ കാഞ്ചിയിൽ കൈവെയ്ക്കും. എന്നിട്ട തയ്യാറായി നിൽക്കും. അടുത്ത നിമിഷത്തിൽ എന്തായിരിക്കും സംഭവിക്കുക!

ആ രാത്രി ഭാസ്കരൻപിള്ളയടക്കം അഞ്ചുപേർ കാവൽ നിൽക്കുകയാണ്. സമയം അർദ്ധരാത്രി കഴിഞ്ഞു. ചീവിടുകളുടെ ശബ്ദം ചെവി തുളച്ചുകൊണ്ടിരുന്നു. അങ്ങുമിങ്ങുമുള്ള മരപ്പൊത്തുകളിലിരുന്ന് രാക്കിളികൾ ചിലച്ചു. അപകടം മണത്തറിഞ്ഞതുപോലെ ചില പക്ഷികൾ ചിറകിട്ടടിച്ചു.

അകലെ കാട്ടുകൾ അനങ്ങി. പട്ടാള ഷൂസുകൾ ചരലിൽ പതിയുന്ന നേരിയ ശബ്ദം കേട്ടു. എല്ലാവരും ശ്രദ്ധിച്ചു. തോക്കു ചൂണ്ടിനിന്നു. വിരലുകൾ, കാഞ്ചി അമർത്താൻ തിടുക്കം കൂട്ടിനിന്നു. മറെറല്ലാം മറക്കുകയാണ്. ഒന്നു മാത്രം ഓർമ്മയിലുണ്ട്. അടുത്ത നിമിഷത്തിലുണ്ടാകുന്ന ശത്രുവിൻെറ ആക്രമണം.

“ഠ്ഠാം”.

ഒരു പൊട്ടൽ

"ഹും"

ഒരു മുഴക്കം.

എല്ലാം ഒരു നിമിഷംകൊണ്ടു സംഭവിച്ചു. നാലുപുറവും വളഞ്ഞുകൊണ്ടു ശത്രുക്കൾ അപ്രതീക്ഷിതമായി ആക്രമിക്കയായിരുന്നു.

ഇരുപതു പേർ ഇരുനൂറുപേരോടു യുദ്ധം ചെയ്തു. രാജ്യത്തിനു വേണ്ടിയുള്ള യുദ്ധമാണ്. പെററ മണ്ണിൻെറ മാനം രക്ഷിക്കാൻ വേണ്ടി.

ഇരുപതുപേരുടെ ആത്മാഭിമാനത്തിനു മുമ്പിൽ ഇരുനൂറു പേർ മുട്ടുകുത്തി. അവർക്കു പിന്മാറേണ്ടിവന്നു. ദയനീയമായ ഒരു പരാജയം.!

ഇരുപതു പേർക്കും മുറിവുകൾ ഏററു. സ്വന്തം ശരീരത്തിൽ നിന്നും ചോര വാർന്നൊഴുകുന്നതു നോക്കി പടയാളികൾ അഭിമാനത്തോടെ നിന്നു. ഒഴുകിപ്പരന്ന ചോര മണ്ണിനോടു ചേർന്നു കട്ടിപിടിച്ചപ്പോൾ ഭാസ്കരൻപിള്ള ചിരിച്ചതേയുള്ളത്രെ!

പിന്നെയൊന്നും ഓർമ്മയില്ല. ബോധം ഉണ്ടായതു് ആശുപത്രിയിൽ വെച്ചാണ്. ശരീരമാകെ വേദനയായിരുന്നു. ചുററുപാടും നിന്നു വേദനയുടെ ശബ്ദങ്ങൾ മാത്രം ഉയർന്നുകൊണ്ടിരുന്നു.

ഭയങ്കരമായ യുദ്ധം നടന്നുകൊണ്ടിരുന്നു. ഓരോ ദിവസവും ഉണ്ടായിക്കൊണ്ടിരുന്ന വിജയത്തിൻെറ കഥകൾ മനസ്സിന് ആശ്വാസം നൽകി.

ആശുപത്രിയിൽ വന്നതിൻെറ ഒൻപതാമത്തെ ദിവസം സന്ധ്യയായതേയുള്ളു. വെള്ളവസ്ത്രം ധരിച്ച നഴ്സുമാർ മാലാഖമാരെപ്പോലെ ആശുപത്രിയിൽ ചുററിസ്സഞ്ചരിച്ചുകൊണ്ടിരുന്നു. ഊണും ഉറക്കവുമില്ലാത്ത ശുശ്രൂഷയാണ്. കൈയിൽ മരുന്നുപാത്രങ്ങളും ചുണ്ടിൽ ആശ്വസിപ്പിക്കുന്ന പുഞ്ചിരിയുമായി അവർ ഓരോ പട്ടാളക്കാരനെയും സമീപിക്കുന്നു.

ഓരോരുത്തരോടും കുശലം ചോദിക്കും. സാരമില്ലെന്നു പറഞ്ഞു് ആശ്വസിപ്പിക്കും. തമാശകൾ പറഞ്ഞു് ചിരിപ്പിക്കാൻ ശ്രമിക്കും.

അപ്പോൾ ഭാസ്കരൻപിള്ളയുടെ അടുത്തു് ഒരു നഴ്സുണ്ടായിരുന്നു. വെളുത്തു സുന്ദരിയായ ഒരു മലയാളിപ്പെണ്ണു്. അവൾ അയാളോടു കുശലം ചോദിച്ചുകൊണ്ടിരുന്നു.

പെട്ടെന്നാണു് ചെവി തുളക്കുന്ന ഇരമ്പൽകേട്ടതു്. അനേകം ബോംബർ വിമാനങ്ങൾ ഒന്നിച്ചിരമ്പുന്നു.

അപകടം വിളിച്ചറിയിക്കുന്ന സൈറൻ മുഴങ്ങി.

പക്ഷെ ആർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അതിനു മുമ്പു് നടുക്കുന്ന ആ ശബ്ദം കേട്ടു.

ആളിക്കത്തുന്ന തീയ്...!

ശ്വാസം മുട്ടിക്കുന്ന പുക...!

മററെല്ലാം അതിൽ മുങ്ങിപ്പോയി.

പതിനേഴാമത്തെ ദിവസമാണു് ഭാസ്കരൻപിള്ളയ്ക്കു ബോധമുണ്ടായതു്. അപ്പോൾ ശരീരം അനക്കാൻ വയ്യാ. ഇടതു വശം മുഴുവൻ മരിച്ചിരിക്കുന്നതുപോലെ.

ആശുപത്രിയുടെ ഒരു ഭാഗം ഇടിഞ്ഞു നിരന്നിരിക്കുന്നതു കണ്ടു. പിന്നെയും ദിവസങ്ങൾ കഴിഞ്ഞിട്ടേ കാലും കൈയും നഷ്ടപ്പെട്ട വിവരം മനസ്സിലായുള്ളു. തൻെറ സമീപത്തു നിന്നിരുന്ന സുന്ദരിയായ ആ മലയാളിനഴ്സു് കൊല്ലപ്പെട്ട വിവരവും. അവൾ രാജ്യത്തിനു വേണ്ടി മരിച്ചു. പട്ടാളസേവനത്തിനിടയിൽ അപകടമരണം സംഭവിച്ച ആ പെൺകുട്ടിയുടെ മററാരുമില്ലാത്ത അമ്മ, അവൾക്കു വേണ്ടിയുള്ള മരണാനന്തര ബഹുമതി ഈയിടെ സ്വീകരിച്ചു.

ആ കഥ കേട്ടു് രാമു കണ്ണുനീർ പൊഴിച്ചുപോയി. അനന്തൻ മുഖം തിരിച്ചിരിക്കുന്നതു കണ്ടു. ഭാരതിയമ്മയുടെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ഒലിച്ചിറങ്ങുന്നതും.

ആ രാത്രി രാമുവിനു് ഉറക്കം വന്നില്ല. കൊച്ചമ്മാവൻ പറഞ്ഞ കഥകൾ മനസ്സിൽ തിക്കിത്തിരക്കി നിൽക്കുന്നു. ശത്രുക്കളോടു

ധീരമായി പൊരുതിയ കൊച്ചമ്മാവൻ. മുറിവേററ് ബോധം കെട്ടുവീണ കൊച്ചമ്മാവൻ. ഇടതു കാലും കൈയ്യും നഷ്ടപ്പെട്ട ധീരനായ പട്ടാളക്കാരൻ! അവനു കൊച്ചമ്മാവനെ മറക്കാൻ കഴിയുന്നില്ല. ഇപ്പോൾ അദ്ദേഹത്തോടു ബഹുമാനം വർദ്ധിച്ചിരിക്കുന്നു. സ്നേഹവും. കൊച്ചമ്മാവനെ നശിപ്പിച്ച ശത്രുക്കളോടു കഠിനമായ വെറുപ്പ് തോന്നുന്നു. ഒരു പട്ടാളക്കാരനായെങ്കിൽ അവരോടു പകരം വീട്ടാമായിരുന്നു, എന്നു അവനു തോന്നി.

കൊച്ചമ്മാവനെയും രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന മററു പട്ടാളക്കാരെയും ഓർത്തുകൊണ്ടാണ് അവൻ ഉറങ്ങിയത്. ആ ഉറക്കത്തിൽ അവനൊരു സ്വപ്നം കണ്ടു.

എവിടെ നോക്കിയാലും പട്ടാളക്കാരാണ്. തോക്കു ധരിച്ച് തയ്യാറായി നില്ക്കുന്ന പട്ടാളക്കാർ. ശത്രുക്കളെ തുരത്താൻ വേണ്ടി അവർ അങ്ങനെ തയ്യാറായി നില്ക്കുകയാണ്. സമുദ്രം പോലെ പരന്നുപരന്നു കിടക്കുന്ന പട്ടാളക്കാരുടെ വലിയ കൂട്ടം. താൻ അവരുടെ നേതാവാണ്. എല്ലാവരെയും നിയന്ത്രിച്ചുകൊണ്ടു് അവരുടെ മദ്ധ്യത്തിൽ നില്ക്കുന്നു.

കൊച്ചമ്മാവനെ നശിപ്പിച്ച ശത്രുക്കളാണ് തന്റെ ലക്ഷ്യം. അവരോടു പ്രതികാരം ചെയ്യേണ്ടിയിരിക്കുന്നു.

ഒരു ചെറിയ അനക്കം.

എല്ലാകണ്ണുകളും ഒരേ സ്ഥാനത്തേക്കു ശ്രദ്ധിക്കുന്നു. ഒരേയൊരു ലക്ഷ്യം മാത്രം.

അതാ കൊച്ചമ്മാവനെ നശിപ്പിച്ച അതേ ശത്രുക്കൾ!

താൻ ആജ്ഞകൊടുത്തു. കടലുപോലുള്ള സൈന്യങ്ങൾ അവരെ വളയുകയായിരുന്നു. ദ്രോഹികളായ ശത്രുക്കൾ കുടുക്കിൽ പെട്ടിരിക്കുന്നു.

"കൊച്ചമ്മാവാ..."

രാമു ഉറക്കത്തിൽ കിടന്നുകൊണ്ടു് ഉറക്കെ വിളിച്ചു.

ഭാരതിയമ്മ പിടഞ്ഞെഴുന്നേററു വിളക്കു കൊളുത്തി. "രാമു" എന്നു വിളിച്ചുകൊണ്ടു അവർ എഴുന്നേററു നോക്കിയപ്പോൾ അവൻ വിയർപ്പിൽ കുളിച്ചു കിടക്കുന്നതു കണ്ടു.

മുക്കവലയിൽ ഒരു കൊച്ചു പണിപ്പുര ഉയൎന്നു. കൊച്ചമ്മാവനാണു് അതിനു നേതൃത്വം വഹിച്ചതു്. ആ പുതിയ സ്ഥാപനത്തെ നാട്ടുകാർ സന്തോഷത്തോടെ സ്വാഗതം ചെയ്തു. അനന്തൻ എന്ന മനുഷ്യനും, അയാളുടെ ഓമനയായ വളൎത്തുമകനും, ആ കൊച്ചു പണിപ്പുരയും എല്ലാവരുടെയും സംസാരവിഷയമായി.

കൊച്ചമ്മാവനെ പിരിഞ്ഞിരിക്കാൻ രാമുവിനു കഴിയില്ല. രാമു ഇല്ലെങ്കിൽ കൊച്ചമ്മാവനും അസ്വസ്ഥതയാണു്. ഒരു നിമിഷം കൊച്ചമ്മാവനെ കണ്ടില്ലെങ്കിൽ രാമു കൊച്ചമ്മയുടെ അടുക്കൽ ഓടിച്ചെന്നു് അന്വേഷിക്കും. രാമു എങ്ങോട്ടെങ്കിലും പോയിട്ടു് അല്പം താമസിച്ചാൽ കൊച്ചമ്മാവൻ നീട്ടി വിളിക്കും.

"രാമൂ...."

അവൻ കൊച്ചമ്മാവനോടു ചേൎന്നിരുന്നുകൊണ്ടു് ഫിഡിൽ വായിക്കും. ഇടയ്ക്കിടയ്ക്കു് അദ്ദേഹത്തിന്റെ കണ്ണുകളിലേക്കു് ഉററുനോക്കും. അപ്പോൾ അദ്ദേഹം ചിരിക്കും. അവനും ചിരിക്കാതിരിക്കാൻ കഴിയില്ല.

മനോഹരമായ ഫിഡിലിന്റെശബ്ദം ഉയൎന്നുകൊണ്ടിരിക്കുന്നു. അന്തരീക്ഷത്തിൽ അലകൾ ഉണ്ടാക്കിക്കൊണ്ടുയരുന്നു. ആ ശബ്ദമല്ലാതെ മറെറാന്നും കേൾക്കാനില്ല. രാമുവും കൊച്ചമ്മാവനും ആ കൊച്ചുഫിഡിലും ചേൎന്ന ഒരു വലിയ ലോകം. അതു, അവരുടേതു മാത്രമായിരുന്നു.

കൊച്ചമ്മാവൻ രാമുവിനെ കഥകൾ പറഞ്ഞു കേൾപ്പിക്കും. മനോഹരമായ മുത്തശ്ശിക്കഥകൾ. വേദനിപ്പിക്കുന്ന പട്ടാളക്കഥകൾ. കഥകൾ അവസാനിപ്പിച്ചുകൊണ്ടു് എപ്പോഴും അദ്ദേഹം പറയും.

"എന്നെക്കാൾ വലുതു് എന്റെ കുടുംബമാണു്. കുടുംബത്തെക്കാൾ വലുതാണു രാജ്യം. ലോകം ഒരു വലിയ കുടുംബമാണു്. നീ രാജ്യത്തിനുവേണ്ടി ജീവിക്കണം. ലോകത്തിനുവേണ്ടി മരിക്കാൻപോലും തയ്യാറുള്ള ഒരു വലിയ മനുഷ്യനായിട്ടു്."

അനന്തൻ പലപ്പോഴും ആ സംഭാഷണം കേട്ടിട്ടുണ്ട്. അപ്പോഴെല്ലാം അദ്ദേഹത്തിന്റെ ചുണ്ടുകളിൽ സംതൃപ്തിയുടെ പുഞ്ചിരി വിരിയും.

മുക്കവലയിലെ പണിപ്പുരയിൽ കുട്ടികൾ പണിയെടുക്കുന്നു. ചിലർ ചിരട്ട ചീവുന്നു. മററു ചിലർ ഈററക്കഷണങ്ങൾ ചീകി മിനുക്കുന്നു. കൈതനാരുകൾ വേർതിരിച്ചെടുക്കുകയാണ് വേറെ ചിലർ.

ഓരോരുത്തർക്കും നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് ചുററി സ്സഞ്ചരിക്കയാണു രാമു. നടുക്കു കിടക്കുന്ന ചാരുകസേരയിൽ പകുതിമാത്രമുള്ള കൈ തലോടി പകുതിയുള്ള തുട ചലിപ്പിച്ചു കൊണ്ട് കൊച്ചമ്മാവൻ അങ്ങനെയിരിക്കുന്നു. അയാൾ ആഹ്ലാദ ത്തിൽ മുഴുകിയിരിക്കയാണെന്നു തോന്നും.

ചായം തേച്ചു മിനുക്കിയ കൊച്ചു ഫിഡിലുകൾ ചില്ലലമാര കളിൽ ഭംഗിയായി അടുക്കിവെച്ചിരിക്കുന്നു. കൊച്ചു ഫിഡിലുക ളുടെ ഒരു വലിയ നിർമ്മാണശാല. കൊച്ചുകുട്ടികളും കച്ചവട ക്കാരും എപ്പോഴും അവിടെ കൂടിനിൽക്കുന്നുണ്ടാവും. സന്തോഷ ത്തിന്റെ ശബ്ദങ്ങൾപോലെ കൊച്ചു ഫിഡിലിന്റെ സംഗീതം അവിടെ നിന്ന് ഉയർന്നുകൊണ്ടിരിക്കും.

വഴിയാത്രക്കാർക്കു ഒരു നിമിഷം അവിടെ നിൽക്കാതെ പോകാൻ കഴിയില്ല. ആൽത്തറയിലിരുന്നു വിശ്രമിക്കുന്നവരുടെ മുഴുവൻ ശ്രദ്ധയും ആ പണിപ്പുരയ്ക്കകത്തായിരിക്കും.

ഒരു ദിവസം സന്ധ്യയ്ക്കാണ്. കൊച്ചമ്മാവൻ ചാരുകസേ രയിൽ അങ്ങനെ മലർന്നു കിടന്നു. അദ്ദേഹത്തെ ഉരുമ്മിയിരുന്നു കൊണ്ട് ഫിഡിൽ വായിക്കയാണു രാമു. ഗ്രാമാന്തരീക്ഷം ആ മനോഹരമായ സംഗീതത്തിൽ മുങ്ങിനിന്നു.

ഒരു വൃദ്ധ സ്ത്രീ ആൽത്തറയിലിരിക്കുന്നു. കാവി വസ്ത്രം ധരിച്ച ഒരു വൃദ്ധ. മറെറല്ലാം മറന്ന് പാട്ടു ശ്രദ്ധിക്കയാണവർ. എണ്ണ കാണാത്ത ചെമ്പൻ മുടി കാററിൽ പറന്നു കിടക്കുന്നു. വല തുകൈയിലിരിക്കുന്ന നീളൻ വടി അവർ ഞെരിക്കുന്നുണ്ടെന്നു തോന്നും.

മുക്കവലയിൽ മററു ശബ്ദങ്ങളൊന്നും കേൾക്കാനില്ല. എല്ലാവരും ഗാനം ശ്രദ്ധിക്കുന്നു. കേൾക്കുന്നവരുടെ മുഴുവൻ ശ്രദ്ധയും ആകർഷിക്കുന്ന മനോഹരമായ സംഗീതം.

ആ സ്ത്രീ അവിടെ നിന്നു സാവധാനത്തിൽ എഴുന്നേററു. ഗാനം പുറപ്പെടുന്ന ദിക്കായിരുന്നു അവരുടെ ലക്ഷ്യം. പണിപ്പുരയുടെ മുമ്പിൽ ചെന്നപ്പോൾ അവർ നിന്നു. ഗാനം ശ്രദ്ധിച്ചു കൊണ്ടു ഒരു പ്രതിമയെപ്പോലെ.

ഗാനം നിലച്ചു.

"മോനേ... മോനേ"യെന്നു അവർ വിളിച്ചതു് ആരും കേട്ടില്ല.

പണിപ്പുരയുടെ പടികയറിയപ്പോൾ അവർ വീണുപോയി. അവിടെ നിന്നു ഒരു ദയനീയമായ ഒരു തേങ്ങൽ ഉയർന്നു.

ആളുകൾ ഓടിക്കൂടി.

അവർ അവരെ പൊക്കി എഴുന്നേൽപ്പിച്ചു.

"എൻെറ മോൻ... എൻെറ മോൻ..."

അവർ തേങ്ങിക്കൊണ്ടിരുന്നു.

അനന്തനാണു് അവരെ ആദ്യം ശ്രദ്ധിച്ചതു്. കാഴ്ചയില്ലാത്ത കണ്ണുകൾ. മസൂരിക്കലയുള്ള മുഖം. രാമുവിനെപ്പോലെ നിറം. നെററിയുടെ മദ്ധ്യത്തിൽ അവനുള്ളതുപോലെ ചുവന്ന മറുകു്.

"രാമൂ..."

അനന്തൻ ഉറക്കെ വിളിച്ചുപോയി.

"അമ്മേ..."

രാമു അവരെ കെട്ടിപ്പിടിച്ചു. നിറഞ്ഞു തുളുമ്പിയ കണ്ണുകളോടെ അവർ അവൻെറ പുറം തലോടി, അവരുടെ കണ്ണുകളിൽ

നിന്നു സന്തോഷത്തിന്റെ കണ്ണുനീർ പൊഴിയുന്നുണ്ടായിരുന്നു.

അനന്തൻ ആ അമ്മയുടെ കൈപിടിച്ചുകൊണ്ടു് വീട്ടിലേക്കു നടന്നു. അപ്പോഴും അവർ രാമുവിനെ ചേർത്തു പിടിച്ചു തലോടിക്കൊണ്ടിരുന്നു.

ഊന്നു വടികളുടെ സഹായത്തോടെ സാവധാനത്തിൽ നടന്നുകൊണ്ടിരുന്ന കൊച്ചമ്മാവന്റെ കണ്ണുകൾ ചുവന്നു കലങ്ങിയിരുന്നു.

മീനു പണിപ്പുരയിലേക്കു വരികയായിരുന്നു. അവളുടെ കൈയിലിരുന്ന കൊച്ചു ഫിഡിലിൽ നിന്നു മനോഹരമായ സംഗീതം ഉയർന്നുകൊണ്ടിരുന്നു.

"വാ കുരുവീ വരു കുരുവീ

"വാഴക്കൈമേലിരി കുരുവീ......"

"കൊച്ചുതിരുമേനി"

രാമുവിനെ കണ്ടപ്പോൾ അവൾ സന്തോഷത്തോടെ വിളിച്ചു.

അപ്പോൾ അനന്തൻ കൈപിടിച്ചു നടത്തുന്ന വൃദ്ധയുടെ മുഖം കൈകൊണ്ടു് കണ്ണുവട്ടം പിടിച്ചു് പരിശോധിക്കയായിരുന്നു തലപ്പുലയൻ.

ERNAKULAM
Date ..........

ANJANA PRINTERS TVM.

ബാലസാഹിത്യ ഗ്രന്ഥാവലി

MUNAVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM

# കൊച്ചുതിരുമേനി

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം

1968

Indic Digital Archive Foundation
gpura.org